സർ, പ്രാദേശികമായി ഒന്നു രണ്ടു സംഗതികൾകൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ. ഞാൻ പ്രതിനിധാനം ചെയ്യുന്ന ചേന്ദമംഗലം ഇരുപതിനായിരത്തോളം ജനങ്ങൾം അധിവസിക്കുന്ന ഒരു വില്ലേജാണു്. എന്നാൽ അവിടത്തെ ജനങ്ങൾം ആ വില്ലേജിനോടു് ഒതൊട്ടുകിടക്കുന്ന തിരുവിതാംകൂറിനെ ആശ്രയിച്ചു ജീവിച്ചുകൊള്ളട്ടെയെന്നു വിചാരിച്ചു് ഗവൺമ്മെണ്ടു് ഒഴിഞ്ഞുമാറിയിരിക്കുന്നപോലെ തോന്നുന്നു. അവിടത്തെ ജനങ്ങളുടെ ജീവിതസൌകര്യത്തിനുവേണ്ടി യാതൊരു സംഗതികളും ഗവൺമ്മെണ്ടു് ചെയ്തിട്ടില്ല. ഒരു ഡിസ്പെൻസറി അവിടെ സ്ഥാപിക്കണമെന്നു അനവധി കൊല്ലമായി മുറവിളി കൂട്ടിയതിന്റെ ഫലമായി ഒരു ദിവസം കൊട്ടങ്ങല്ലൂർ ഓവർസീയർ അവിടെവന്നു ഡിസ്പെൻസറിക്കുള്ള സ്ഥലം കാണുകയും ആ സ്ഥലത്തിന്റെ പ്ലാനോടുകൂടി ചീഫ് എഞ്ചിനീയർക്കു റിപ്പോർട്ടുചെയ്യുവെന്നുമാണു് അറിയുന്നതു്. എന്നാൽ ഇക്കൊല്ലത്തെ ബഡ്ജറിലും കഴിഞ്ഞകൊല്ലത്തെ ബഡ്ജറിലും അതിനെപ്പറ്റി ഒന്നും കാണുന്നില്ല. ചേന്ദമംഗലം വില്ലേജ് എല്ലാ കാര്യങ്ങളിലും കൊടുങ്ങല്ലൂരിനോടു് ബന്ധപ്പെട്ടാണു് കിടക്കുന്നതു്. ചേന്ദമംഗലം നിവാസികൾക്കു ഗോതുരുത്തു വഴിക്കാണു് കൊടുങ്ങല്ലൂർക്കു പോകേണ്ടതു്. വടക്കുംപുറവും ഗോതുരുത്തും ഒരു പാലംവഴി ഘടിപ്പിക്കേണ്ടതാണെന്നു ആദ്യകൊല്ലംമുതന്നെ ബഹുമാനപ്പെട്ട മരാമത്തുമന്ത്രി റോഡുബോർഡു മെമ്പറായിരുന്നകാലത്തു വാദിച്ചിട്ടുള്ളതാണു്. എന്നാൽ നാലഞ്ചു കൊല്ലങ്ങൾംക്കുമുമ്പു് ഗോതുരുത്തിന്റെ പകുതിഭാഗത്തു മാത്രം റോഡുണ്ടാക്കുകയും ബാക്കി ഇനിയും തിക്കാതെ ഇട്ടിരിക്കുകയുമാണു ചെയ്തിട്ടുള്ളതു്. ഇപ്പോൾ ഉണ്ടെന്നു പറയുന്ന റോഡുതന്നെ മനുഷ്യർക്കു സഞ്ചരിക്കുവാൻ നിവൃത്തിയില്ലാത്തവിധത്തിലാണിരിക്കുന്നതു്. ചില കുത്ത മണ്ണുകൾംപോലെയുള്ള ചില കല്ലുകൾം അല്ലാതെ മറ്റൊന്നും ആ റോട്ടിൽ കാണുകയില്ല. ആയതുകൊണ്ടു് ഈവക കാര്യങ്ങളിൽ അതായതു് പാലം, റോഡു്, ഡിസ്പെൻസറി ഇതുകളിൽ പൊതുജനാരോഗ്യമന്ത്രിയുടേയും, പൊതുമരാമത്തുമന്ത്രിയുടേയും ദയാദൃഷ്ടി ഒന്നു പതിഞ്ഞുകാണുവാൻ ആ വില്ലേജിലെ ഇരുപതിനായിരത്തോളം വരുന്ന ജനങ്ങൾംക്കുവേണ്ടി ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ഇതിനും പുറമെ നാട്ടിൻപുറങ്ങളിലെ ജനങ്ങളുടെ ജീവിതസുഖങ്ങളിലും ക്ഷേമൈശ്വര്യങ്ങളിലുമാണു് ജനകീയ ഗവൺമ്മെണ്ടിന്റെ വിജയമെന്നു ഒന്നു ഗ്രഹിച്ചാൽ കൊള്ളാമെന്നും പ്രസ്താവിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ ആർ. എസ്സ്. തേവണ്ണകവുണ്ടർ: മിസ്റ്റർ പ്രസിഡണ്ടു സർ, സാധാരണയായി എന്റെ നിയോജകമണ്ഡലമായ ചിറവൂർ റൂറൽ പ്രദേശത്തിനു് ബഡ്ജറിൽ ശരിയായി സംഖ്യ ഒതുക്കുന്നതായി അറിയുന്നില്ല. കൊച്ചിരാജ്യത്തിൽ അധികം സംഖ്യ ചിലവുചെയ്യേണ്ട ഒരു പ്രദേശമാണു് ചിറവൂർ താലൂക്കു.

മനുഷ്യജീവിതത്തിനു ഒന്നാമതായി വേണ്ടതു ഭക്ഷണമാണെങ്കിൽ അതിനുള്ള നെല്ലു വിളയുന്ന ധാരാളം നിലങ്ങൾം അവിടെയുണ്ടു് കൊച്ചിരാജ്യത്തിന്റെ നെല്ലറയെന്നു വിളിക്കപ്പെടുന്ന ചിറവൂർ താലൂക്കിനെ.

കൃഷിക്കു പറ്റിയ മന്നാംതരം പറമ്പുകൾം അവിടെയുള്ളതുപോലെ കൊച്ചിയിൽ വേറെ എവിടേയുമില്ല. ഇങ്ങിനെ നിലവും പറമ്പും ഒന്നുപോലെ തികഞ്ഞിട്ടുള്ള ആ റൂറൽ പ്രദേശത്തിനെ ഗവൺമ്മെണ്ടു വേണ്ടപോലെ ശ്രദ്ധിക്കാതിരിക്കുന്നതിൽ ഞ

അവിടത്തെ കൃഷി അഭിവൃദ്ധിക്കും പൊതുജനങ്ങളുടെ നന്മക്കും മുഖ്യമായി വേണ്ട ചില നിവൃത്തിമാർഗ്ഗങ്ങളെപ്പറ്റി കഴിഞ്ഞ ബഡ്ജറ്റ സമ്മേളനത്തിൽ ഞാൻ എടുത്തു പ്രസ്താവിച്ചിരുന്നു. എന്നാൽ ഗവൺമ്മെണ്ടു ഇതുവരെ യാതൊന്നും ചെയ്തതന്നിട്ടുള്ളതായി അറിയുന്നില്ല.

ഞാൻ അങ്ങിനെ പ്രസ്താവിച്ചതു് തമിഴഭാഷയിലായിരുന്നതിനാൽ അതിന്റെ താല്പര്യം മനസ്സിലാക്കുവാൻ ഒരുപക്ഷെ ബുദ്ധിമുട്ടു നേരിട്ടിട്ടുണ്ടോ എന്നും സംശയിക്കുന്നു. എനിക്കു നല്ല മലയാളത്തിൽ പറയുവാൻ സാധിക്കുകയില്ലെങ്കിലും കഴിയുന്നത്ര മലയാളത്തിൽതന്നെ അതിനെ ഒന്നുകൂടി പ്രസ്താവിച്ചുകൊള്ളുന്നു. എന്റെ പ്രദേശത്തിനു ഉടനടി വേണ്ടതു്:—

(എ) ഇപ്പോൾ കൃഷിക്കു കൊടുത്തുവരുന്ന പിണ്ണാക്കു വളം ഒട്ടുംപോരാ. അതിനെ കൂടുതലാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

(ഛ) പറമ്പുകുന്നിക്ക കിണറുകളിൽനിന്നു സുലഭത്തിൽ വെള്ളം പമ്പുചെയ്തു ഉപയോഗിക്കുന്നതിനു ഇലട്രിക് കറണ്ടു വളരെ ഉപകാരമുള്ള കന്നാകയാൽ അതു കിട്ടുന്നതിനുവേണ്ട ഏർപ്പാട് ചെയ്യുതരണം.

(ന) കൊഴിഞ്ഞാമ്പാറയിലുള്ള ഡിസ്പെൻസറിയിൽ ഇപ്പോൾ സൌകര്യം പോരാ. അതിനെ കൂടുതൽ സൌകര്യമുള്ള ഒരു ആസ്പത്രിയാക്കണം. അതുപോലെതന്നെ ചിറ്റൂർ ആസ്പത്രിയെ ഒരു സിവിലാസ്പത്രിയെന്ന നിലയിൽ ഉയർത്തണം.

(ര) മേൽപ്പടി ഫക്കയിൽ ഒരു ആയുർവ്വേദ വൈദ്യശാല എസ്റ്റെബ്ലിഷ്ചെയ്യണം.

(ള) വിദ്യാഭ്യാസത്തിൽ അതു ഒരു പിന്നോക്കമുള്ള ദേശമാണെന്നും അതിൽ പ്രൈമറി സ്കൂളുകളുടെ എണ്ണം വളരെ ചുരുക്കമാണെന്നും ഗവൺമെണ്ടിനറിയാം. എന്നിട്ടും സ്കൂളുകളുടെ എണ്ണത്തെ വർദ്ധിപ്പിച്ചിട്ടില്ല. ഉടനെ അതും ചെയ്യണം.

(ഴ) സ്റ്റാഫ് സിലക്ഷനിൽ തമിഴന്മാക്ക പ്രത്യേകം സ്ഥാനം കൊടുത്തിട്ടില്ല. അതു അവക്ക് നിശ്ചയമായും കൊടുക്കേണ്ടതാണു്.

(റ) മീനാക്ഷിപുരത്തുനിന്നു വേലന്താവളംവരെ ഒരു മെറ്റൽ റോഡു ഇടണം. കൊഴിഞ്ഞാമ്പാറ ഫക്കയിൽ ഒരു ക്യൂർ ഫാക്ടറി എസ്റ്റെബ്ലിഷ്ചെയ്യണം.

നാട്ടിന്റെ പുരോഗമനത്തിനും കൈത്തൊഴിൽ വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തേണ്ടതു് മുഖ്യമാണു്. അക്കാര്യത്തിൽ പഴക്കം പോരാത്ത ജനങ്ങൾക്കു് ഒത്താശകൾ ചെയ്തു അവരെ മുന്നോട്ടു നടത്തിക്കൊണ്ടുപോരേണ്ടതു് ഗവൺമെണ്ടിന്റെ ചുമതലയാണു്. തിരുവിതാംകൂറിലും, മൈസൂറിലും അങ്ങിനെ ചെയ്യുന്നുണ്ടെന്നും അതിനാൽ അവിടങ്ങളിലെ തൊഴിൽ വ്യവസായങ്ങൾ എത്രയോ അഭിവൃദ്ധിയടഞ്ഞിട്ടുണ്ടെന്നും അറിയുന്നു.

ക്യൂർ ഫാക്ടറി എസ്റ്റെബ്ലിഷ്ചെയ്യുന്ന കാര്യത്തിലും അതുമാതിരി നമ്മുടെ ഗവൺമെണ്ടു ചെയ്യുന്നതായാൽ പൊതുജനങ്ങൾ. അതിൽ ശരിപാതി ഷെയർ എടുക്കുമെന്നുള്ളതിനു സംശയമില്ല.

കൊച്ചി ഒരു മലയാളരാജ്യമാണെങ്കിലും തമിഴിനെ മാതൃഭാഷയാക്കിക്കൊണ്ടുള്ള അനവധി തമിഴന്മാർ അതിൽ അധിവസിച്ചുവരുന്നുണ്ടു്. ചിറ്റൂർ താലൂക്കിൽ മുക്കാലും തമിഴന്മാർതന്നെയാണു്.

വിദ്യാഭ്യാസം അവരവരുടെ മാതൃഭാഷയിലായിരിക്കണമെന്നു ലോകത്തിൽ എങ്ങും ഒരേ അഭിപ്രായമായി കാണുന്നു. തമിഴന്മാക്ക മലയാളം മാതൃഭാഷയല്ല. അതു് അവക്ക് രാജഭാഷ മാത്രമാകുന്നു. തമിഴന്മാർ മലയാളം പഠിക്കേണ്ടതു ആവശ്യംതന്നെ. എന്നാൽ അതേസമയത്തുതന്നെ അവക്ക് തമിഴഭാഷയും അത്യാവശ്യമാണെന്നുള്ളതുകൂടി ഗവൺമെണ്ടു് അറിഞ്ഞിരിക്കണം.

ഫസ്റ്റ്-ലും ഫസ്റ്റ്-ലും കൊച്ചി സക്കാരിൽനിന്നും വിദ്യാഭ്യാസത്തെപ്പറ്റിയുള്ള കരിക്കുലം അച്ചടിച്ചിട്ടുണ്ടു്. ആ രണ്ടു കരിക്കുലത്തിലും തമിഴ പഠിപ്പിക്കേണ്ടവിധം പറഞ്ഞിട്ടുണ്ടു്. ഒന്നാംക്ലാസ്സു മുതൽ പത്താംക്ലാസ്സുവരെ മലയാളത്തിനു് എത്ര സ്ഥാനം കൊടുത്തിട്ടുണ്ടോ അതേ സ്ഥാനം തമിഴഭാഷക്കും കൊടുത്തു അതിൽ സിലബസു് നിയമിച്ചിട്ടുണ്ടു്.

ഈ വർഷാരംഭത്തിൽ കൊച്ചി സക്കാർ ഗസറ്റിൽ "പ്രൈമറി വിദ്യാഭ്യാസത്തിന്റെ അടുക്കൊല്ലത്തെ കോഴ്സു്" എന്ന ഒരു പുതിയ കരിക്കുലം പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിൽ പ്രൈമറി വിദ്യാഭ്യാസത്തിനു് പുറമെ പത്താംക്ലാസ്സുവരെയുള്ള സിലബസും കൊടുത്തിരിക്കുന്നു. ഇംഗ്ലീഷ്, മലയാളം, സംസ്കൃതം, ഹിന്ദി, അറബി, ഫ്രഞ്ചു, ലാറ്റിൻ, ഹിബ്രു എന്നീ ഭാഷകളും പഠിപ്പിക്കേണ്ടതിനുള്ള സിലബസുകളും അതിൽ പ്രത്യേകം പ്രത്യേകമായി എടുത്തുപറഞ്ഞിട്ടുണ്ടു്. എന്നാൽ കൊച്ചിയിൽ നിവസിക്കുന്ന അനവധി തമിഴന്മാരുടെ മാതൃഭാഷയായ തമിഴിനെപ്പറ്റി ഒരു വാക്കുപോലും അതിൽ ഇല്ല. പഴയ കരിക്കുലത്തിൽ ഉണ്ടായിരുന്ന തമിഴ സിലബസിനെ ഈ പുതിയ കരിക്കുലത്തിൽ ഇല്ലാതാക്കിയിരിക്കുന്നതിന്റെ കാരണമെന്താണു് എന്നുള്ളതിനെ ഒരു തമിഴൻ എന്ന നിലയിൽ എനിക്ക അറിഞ്ഞാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടു്.

ചിറ്റൂരിൽ ഒരു കോളേജു് ഗവൺമെണ്ടിൽനിന്നും സ്ഥാപിച്ചിട്ടുള്ളതായി അറിയുന്നു. വിദ്യാർത്ഥികളുടെ നന്മയെ മുൻനിറുത്തി ഗവൺമെണ്ടു ചെയ്തിട്ടുള്ള ഈ ഉപകാരത്തിനെ അവിടത്തെ പൊതുജനങ്ങൾ എന്നെന്നും മറക്കുകയില്ല. ഗവൺമെണ്ടിനോടു അവക്കുള്ള സന്തോഷത്തേയും നന്ദിയേയും ഈ സന്ദർഭത്തിൽ ഞാൻ രേഖപ്പെടുത്തിക്കൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

*മിസ്റ്റർ പി. നാരായണമേനോൻ: സർ, സാധാരണ ഒരു പുസ്തകം കയ്യിൽ കിട്ടുകയാണെന്നുണ്ടെങ്കിൽ ആദ്യമായി അതിന്റെ ബാഹ്യരൂപത്തിൽ ചിലതെല്ലാം ധരിക്കുവാനുണ്ട്. അതുപോലെ ഈ ബഡ്ജറ്റ് കയ്യിൽ കിട്ടിയപ്പോൾ അതിന്റെ ബാഹ്യരൂപത്തെക്കുറിച്ചു എനിക്കു ചില അഭിപ്രായങ്ങളെല്ലാമുണ്ടായി. ഇതിനുമുമ്പു ഇതുപോലെയുള്ള അനേക ബഡ്ജറ്റുകളും പുറത്തിറങ്ങിയിട്ടുണ്ട്. ആ കുടുംബത്തിൽപെട്ട സഹോദരൻ അല്പാത്മനിലയിലുള്ള ഒരു വിശേഷം ഈ ബഡ്ജറിനുണ്ടോ എന്നു നോക്കിയതിൽ ഇതിന്റെ ബാഹ്യരൂപത്തിൽ ഞാൻ ഒന്നും കണ്ടില്ല. ഇതിന്റെ ഉള്ളടക്കത്തിൽ വല്ല വ്യത്യാസവുമുണ്ടോ എന്നു നോക്കാമെന്നു വിചാരിച്ചു വിട്ടത്തി തിരിച്ചുമറിച്ചുനോക്കിയപ്പോൾ ഇതിനുമുമ്പത്തെ ബഡ്ജറിനേക്കാൾ വിശേഷമൊന്നുമില്ലെന്നു മാത്രമല്ല ഇതിനുമുമ്പു സംഭവിക്കാത്തതായ ചില വലിയ വിസ്മിതപങ്ങൾപോലും ഇതിൽ വന്നിട്ടുണ്ടെന്നാണ് എനിക്കു മനസ്സിലാക്കുവാൻ സാധിച്ചതു്. അതിൽ എനിക്കു വലിയ ഇച്ഛാഭംഗം ഉണ്ടു്. ഉദാഹരണമായിട്ടു ഒരു സംഗതി പറയാം.

വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ സെക്കണ്ടറി സ്കൂളുകളിൽ പണ്ഡിതന്മാർ എന്നു പറയുന്ന ഒരു വർഗ്ഗക്കാരുണ്ടു്. സംസ്കൃത പണ്ഡിതൻ, മലയാളപണ്ഡിതൻ, ഹിന്ദി പണ്ഡിതൻ ഇടങ്ങി അനേക പണ്ഡിതന്മാരുണ്ടു്. ഈ പണ്ഡിതന്മാരുടെ ശമ്പളത്തോതു് ന്യ ൦ മുതൽ ൟ ൧൦ ക. വരെയാണു്. മലയാളപണ്ഡിതനും അതുതന്നെയാണു് ശമ്പളം. ഈ പണ്ഡിതന്മാരെയെല്ലാം വാർത്തുവിട്ടുന്ന ഒരു സ്ഥാപനമാണു് സംസ്കൃത കോളേജു്. ഈ കോളേജിലെ പ്രിൻസിപ്പാളിന്റെ ശമ്പളം, പണ്ഡിതന്മാരെ പഠിപ്പിച്ചു വിട്ടുന്നവരുടെ ശമ്പളം. ന്യ ൦ക. മുതൽ ൟ ൦ ൦ക. വരെയാണു്. പണ്ഡിതന്മാരെ പണ്ഡിതന്മാരായി പുറത്തുവിട്ടുന്നവരാണു് ഈ കോളേജിലെ പ്രിൻസിപ്പാൾ, പ്രൊഫസർമാർ മുതലായവർ. അവരിൽ പ്രിൻസിപ്പാളിന്റെ ശമ്പളം ന്യ ൦ക. മുതൽ ൟ ൦ ൦ക. വരെയാണു്. അവിടെ മൂന്നു പ്രൊഫസർമാരുണ്ടു്. അവരുടെ ശമ്പളം ൽ ൦ക. മുതൽ ന്യ ൦ക. വരെയാണു്. പിന്നെ ന ൫ക മുതൽ ൽ ൦ക. വരെ ശമ്പളത്തിൽ ഒരു ട്യൂട്ടരും ന ൫ക. മുതൽ ന്യ ൦ക. വരെ ശമ്പളത്തിൽ ൫ സീനിയർ ട്യൂട്ടേഴ്സും അവിടെയുണ്ടു്. ഇതാണു് പണ്ഡിതന്മാരെ വാർത്തുവിട്ടുന്ന ആ കോളേജിലെ പ്രിൻസിപ്പാൾ, പ്രൊഫസർമാർ, ട്യൂട്ടർമാർ എന്നിവരുടെ ശമ്പളത്തോതു്. ഇതു കണ്ടപ്പോൾ ചില ചെറിയ ചെറിയ നാട്ടരാജ്യങ്ങളെക്കുറിച്ചു ഒരു ഇംഗ്ലീഷു പുസ്തകത്തിൽ വായിച്ച സംഗതിയാണു് എനിക്കു ഓർമ്മവന്നതു്. ഒരു രാജ്യത്തിന്റെ വിസ്തൃതം ഒരു ചതുരശ്ര മൈലിൽ താഴെയാണു്. അവിടെയുള്ള ആദായം കൊല്ലത്താൽ വ ൫ രൂപായാണു്. പ്രജകൾ ൨ ൭ ആളുകളുമാണു്. അവിടത്തെ സ്ഥിതി ഇതൊക്കെയാണെങ്കിലും അവിടത്തെ രാജാവിനു മഹാരാജാവെന്നു പേരുണ്ടു്. അതുപോലെ സംസ്കൃത കോളേജെന്നു പേരും ആ കോളേജിൽ പ്രിൻസിപ്പാൾ എന്ന സ്ഥാനവും പ്രൊഫസർ എന്ന സ്ഥാനവും വലിയ വലിയ പണ്ഡിതന്മാരെ സൃഷ്ടിച്ചുവിടുവാനുള്ള ചുമതലയും അവക്കുണ്ടു്. അതുകൊണ്ടു അവർ തൃപ്തിപ്പെടണമെന്നും അവരുടെ ശിഷ്യന്മാരായിട്ടുള്ള പണ്ഡിതന്മാക്കു കൊടുക്കുന്ന ശമ്പളം അവക്കു കൊടുക്കുവാൻ തയ്യാറില്ലെന്നുമുള്ള സംഗതിയാണു് ഇതിൽനിന്നു വ്യക്തമാകുന്നതു്. ഇതുപോലെ ചെറിയ ചെറിയ സ്ഥാനമാനങ്ങൾ കൊടുത്തു വേലയെടുപ്പിക്കുന്ന ഒരു പതിവു നമ്മുടെ പണ്ടത്തെ ഇമ്പീരിയലിസ്റ്റിനുണ്ടായിരുന്നു. ഒരിക്കൽ ഒരാൾക്കു ജി. കെ. ഐ. എം. എന്നൊരു സ്ഥാനം കൊടുത്തു. വാസ്തവത്തിൽ അതിന്റെ അർത്ഥം The Great Kattumakkan of the Imperial Market എന്നാണു്. ഇമ്പീരിയലിസ്റ്റിസിനെ വിട്ടു അയാൾ പോകരുതെന്നു ധരിച്ചുകൊണ്ടാണു് അയാൾക്കു ഈ സ്ഥാനം കൊടുത്തതു്. ആ യാൾ ഈ സ്ഥാനമാനംകൊണ്ടു തൃപ്തനായി അവക്കുവേണ്ടി പണിയെടുത്തുകൊള്ളും. അതുപോലെ പണിയെടുപ്പിക്കുവാനാണോ ഈ കോളേജെന്ന പേരും പ്രിൻസിപ്പാൾ എന്ന പേരും പ്രൊഫസർ എന്ന പേരും കൊടുത്തിട്ടുള്ളതു എന്നുകൂടി തോന്നുന്നുണ്ടു്. എങ്ങിനെയായാലും ഇതൊരു വലിയ അനീതിയും അന്യായവുമാണെന്നുള്ളതു് തീച്ചയാണു്.

ഇവിടെ ഒരു പേയ് റിവിഷൻ കമ്മിറ്റി വെക്കുകയുണ്ടായി. ആ കമ്മിറ്റിയുടെ റിപ്പോർട്ടു സെലക്ട് കമ്മിറ്റിയുടെ ആലോചനക്കു വെച്ചിരിക്കുകയാണു്. സെലക്ട് കമ്മിറ്റിയുടെ ആലോചന കഴിഞ്ഞു അതു് ക്യാബിനറ്റിന്റെ അപ്രുവലിനുവെച്ചു. പിന്നെ അതു് എത്രയെയ്യ എന്നു് പിടിത്തമില്ല. ആ കമ്മിറ്റിയുടെ തീരുമാനം സെലക്ട് കമ്മിറ്റി വരുത്തിയ ഭേദഗതികളോടുകൂടി ക്യാബിനറ്റ് അംഗീകരിച്ചതിനുശേഷം പൊതുവെ ഒരു റിവിഷൻ വരുത്തുകയല്ലാതെ അതിനിടക്കു ഒരു റിവിഷൻ വരുകയില്ല എന്നായിരുന്നു

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

വിചാരിച്ചിരുന്നതു്. എന്നാൽ അതു കൂടാതെതന്നെ പല റിവിഷനും അതിനിടക്കു വരുത്തീട്ടുണ്ടു്. അങ്ങിനെ റിവിഷൻ വരുത്തിയതിൽപെട്ട ഒന്നാണു് പണ്ഡിതന്മാരുടെ ശമ്പളം കൂട്ടൽ. ആ സന്ദർഭത്തിൽ ഈ സംഗതി ദൃഷ്ടിയിൽ പെടാതെ വിസ്മരിച്ചു കളഞ്ഞതു പോലെ ഇനി വരാൻപോകുന്ന റിവിഷനിലെങ്കിലും അവരെ വിട്ടുകളയാതെ അവരുടെ ശമ്പളത്തോടു് ഉയർത്തികൊടുത്താൽ വളരെ ഭംഗിയായിരിക്കുമെന്നു മാത്രമേ എനിക്കു പറയുവാനുള്ളു. ബഡ്ജറ്റു തയ്യാറാക്കിയതു് വലിയ ആലോചനയോടുകൂടിയല്ല. ഇതുമാതിരി അസംബന്ധങ്ങൾ, ഇതുമാതിരി അനീതികൾ ചില കുറവുകൾ അതിന്റെ ഉൾഭാഗങ്ങളിലും കാണുവാൻ സാധിക്കുമെന്നുള്ളതിനു ഞാൻ ഒരു ഉദാഹരണം എടുത്തുകാണിച്ചു എന്നു മാത്രമേയുള്ളു.

ഇനി പൊതുവെ പറയുകയാണെന്നുണ്ടെങ്കിൽ ആദ്യമായിട്ടു ജനകീയഭരണം എറെറടുത്തതിനുശേഷം പുറത്തു വന്നിട്ടുള്ള ഒരു ബഡ്ജറാണിതു്. ഈ ബഡ്ജറു് ഒരു ഡഫിസിറ്റു് ബഡ്ജറായി പോയി എന്നുണ്ടെങ്കിൽ രാജ്യത്തുള്ള ആളുകൾക്കു് എന്തായിരിക്കും അഭിപ്രായം; ക്യാബിനറിനോടു അവർക്കുണ്ടായിരുന്ന മതിപ്പും വിശ്വാസവും കുറയുമോ; കുറയുവാനല്ലെ ന്യായം എന്നു ഭയപ്പെട്ടിട്ടാണോ എന്നു തോന്നുമാറു് യഥാർത്ഥത്തിൽ ഡെഫിസിറ്റായിട്ടുള്ള ബഡ്ജറു് ക്രിമിനലായിട്ടു സർപ്ലസാക്കി അവതരിപ്പിക്കുകയാണു് ചെയ്തിട്ടുള്ളതു്. യഥാർത്ഥത്തിൽ ഡെഫിസിറ്റു് ബഡ്ജറാണു് ഇതെന്നുള്ളതു പ്രഥമ ദൃഷ്ടിയിൽതന്നെ വ്യക്തമാണു്. ഡെഫിസിറ്റായിരുന്ന ബഡ്ജറു് സർപ്ലസാക്കുവാൻ വേണ്ടി പുതു ലക്ഷം രൂപ്പിക വരുമ്പു റിസർവ്വു് ഫണ്ടിൽനിന്നെടുത്തു. പിന്നെ ചിലതു അൻറിസിപ്പേറ്റു് ചെയ്തു. അതായതു് ഇൻകംടാക്സിൽനിന്നു കുറെ ലക്ഷം; സെയിൽസ്ടാക്സിൽനിന്നും—എക്സംപ്റ്റു ചെയ്യാതിരുന്നാൽ—അതിൽനിന്നു കുറെ ലക്ഷം; സ്റ്റാമ്പാക്കു് പാസ്സായാൽ അതനുസരിച്ചു ചിരിഞ്ഞുകിട്ടുകയാണെങ്കിൽ കുറെ ലക്ഷം. ഇതൊക്കെക്കൂടി നൂറു ലക്ഷം വന്നപ്പോഴാണു് സർപ്ലസ്സായതു്. അൻറിസിപ്പേറ്റു ചെയ്ത സംഖ്യ മുഴുവൻ കിട്ടാതെ വന്നാൽ, റിസർവ്വു് ഫണ്ടിൽനിന്നു എടുക്കാതിരുന്നാൽ നിശ്ചയമായും ഒരു മുപ്പതു ലക്ഷം ഉറപ്പികയിൽ കുട്ടത്തൽ സംഖ്യ പോരാതെവരുമായിരുന്നു. ഇങ്ങിനെ ഡെഫിസിറ്റായിട്ടുള്ള ബഡ്ജറു് സർപ്ലസ്സാക്കിയിട്ടുള്ളതു മന്ത്രിമാരുടെ നേരെ പൊതുജനങ്ങൾക്കുള്ള വിശ്വാസവും മതിപ്പും നിലനിറുത്തുന്നതിനുവേണ്ടി ചെയ്തിട്ടുള്ള ഒരുപായമാണിതു്. ഇങ്ങിനെയുള്ള ഡെഫിസിറ്റു ബഡ്ജറിനെ സർപ്ലസ്സാക്കുന്നതിനു പണമുണ്ടാക്കുന്നതിനുവേണ്ടി പുതിയ ടാക്സുല്ലാതെകണ്ടു യാതൊരു മാർഗ്ഗവുമില്ല. അതിന്നാണു ചില ബില്ലുകൾ ഇവിടെ വരുവാൻ പോകുന്നതു്. ആ ബില്ലുകൾ ഇവിടെ പാസ്സായി കഴിഞ്ഞാൽ ഡെഫിസിറ്റു ഇല്ലാതാക്കുവാനുള്ള മാർഗ്ഗമായി. ഇതൊക്കെ ചെയ്തതു് എന്തിനാണു് എന്നുള്ളതു ഫിനാൻസുമെമ്പറുടെ പ്രസംഗത്തിൽ വ്യക്തമാക്കീട്ടുണ്ടു്. ഇതു ധനികന്മാർക്കു് കൂടുതൽ സുഖമുണ്ടാക്കുന്നതിനുവേണ്ടിയൊ അല്ലെങ്കിൽ ഭരണകർത്താക്കന്മാർക്കു കൂടുതൽ ശമ്പളംകൊടുക്കുന്നതിനു വേണ്ടിയോ, അതല്ലെങ്കിൽ മറേറതെങ്കിലും ആഡംബരപൂർവ്വകമായ സംഗതികൾക്കുവേണ്ടിയൊ അല്ല. യഥാർത്ഥത്തിൽ കൊച്ചിരാജ്യത്തുള്ള അനേകം വില്ലേജുകളിൽ താമസിക്കുന്നവർ അധികവും കർഷകന്മാരാണു്; അതല്ലാതെ പട്ടണത്തിൽ കാണുന്ന വിദ്വാന്മാരൊ, ധനികന്മാരൊ ഒന്നുമല്ല; അങ്ങിനെ നാട്ടുംപുറങ്ങളിലുള്ള യഥാർത്ഥ കൃഷിവലന്മാരായ ആളുകളുടെ അഭിവൃദ്ധിക്കുവേണ്ടി ചിലവുചെയ്യുവാനും, അവരെ സഹായിക്കുവാനും അവർക്കു സുഖസൌകര്യാദികൾ ചെയ്തുകൊടുക്കുവാനും അവരിൽ ക്ഷേമൈശ്വര്യങ്ങൾ വർദ്ധിപ്പിക്കുവാനും വേണ്ടി ചിലവു ചെയ്യുന്നതിന്നാണു് ഈവക എഴുപ്പാടുകളെല്ലാം ചെയ്തിട്ടുള്ളതു് എന്നാണു് ഫിനാൻസുമെമ്പറുടെ പ്രസംഗത്തിൽ വ്യക്തമാക്കീട്ടുള്ളതു്. അതിനുദാഹരണമായി ഗോൾഡ്സ്മിത്തിന്റെ ഒരു പോയട്രിയും എടുത്തു കാണിച്ചിട്ടുണ്ടു്. ഏതൊ ഒരു കാലത്തു പരിപൂർണ്ണ സുഖത്തോടുകൂടി ആളുകൾ ജീവിച്ചിരുന്ന ഒരു വില്ലേജു് എതൊ അതു് ഒരു ധനികൻ കൈവശപ്പെടുത്തി അവിടെ ഒരു ബംഗ്ലാവു പണിതു. സ്ഥലം പോയതോടുകൂടി അവരുടെ സ്ഥിതി പരുങ്ങലിലായി. അവരെ രക്ഷിക്കുന്നതിനുവേണ്ടി അദ്ദേഹം എഴുതീട്ടുള്ള പോയിൻറാണു് ഇവിടെ ഉദ്ധരിച്ചിട്ടുള്ളതു്. അങ്ങിനെയുള്ള ആ വില്ലേജിൽ കഴിഞ്ഞുപോയ ഒരു സുവർണ്ണകാലം കൊച്ചിരാജ്യത്തുള്ള എല്ലാ വില്ലേജുകളിലും ഉണ്ടാക്കുന്നതിനു കഴിയുന്ന എല്ലാ പരിശ്രമങ്ങളും ചെയ്യുന്നതിനുവേണ്ടിയാണു് ഈ പുതിയ നികുതികളെല്ലാം ചുമത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതു് എന്നാണു് പറയുന്നതു്. വേറെ ഒൻപതുകൂടി അദ്ദേഹം പറയുന്നുണ്ടു്. അതായതു ഈ നികുതികളൊന്നും സാധുക്കളെ ബാധിക്കുന്നതല്ല; ഇതൊക്കെ ധനികന്മാരെ മാത്രം ബാധിക്കുന്നതാണു്; എത്രയോ മനുഷ്യനെ അവരിൽനിന്നു ഇതു വസൂലാക്കേണ്ടതായിരുന്നു; അങ്ങിനെ വസൂലാക്കാതിരുന്നതു തെറ്റാണു്; ധനികന്മാർക്കു ധാരാളം പിരിഞ്ഞുകിട്ടു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Narayana Menon]

ന്നപണത്തിൽനിന്നാണ് ഈ ടാക്സ് പിരിക്കുന്നതു എന്നാണ് അദ്ദേഹം പറയുന്നതു. വാസ്തവത്തിൽ സ്ഥിതി അതല്ല. ധനികന്മാരേക്കാൾ ടാക്സ് കൂടുതൽ ബാധിക്കുന്നതു സാധുക്കളെയാണ് എന്നുള്ളതിനു പ്രത്യക്ഷോദാഹരണമാണ് സെയിൽസ് ടാക്സ്. സെയിൽസുടാക്സ്കൊണ്ടു വന്നിട്ടുള്ള വൈഷമ്യങ്ങൾ അനവധിയാണ്. അതു് ആക്ടാകുന്നതിനു മുമ്പ് ബില്ലായിട്ടു ഇവിടെ അവതരിപ്പിച്ചുകാലത്തു ആളുകളെയെല്ലാം ധരിപ്പിച്ചിരുന്നതു് ഇതു വെറും കച്ചവടക്കാരിൽനിന്നും പിരിച്ചെടുക്കുന്ന ഒരു നികുതിയാണ് സാധുക്കളെ ബാധിക്കുകയില്ല എന്നാണ്. പക്ഷെ അതു പിരിക്കുവാൻ തുടങ്ങിയപ്പോഴാണ് സാധുക്കളാണ് ടാക്സു കൊടുക്കേണ്ടിവരുന്നതു് എന്നു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു്. ഇതുകൊണ്ടുള്ള ആദായം ഗവൺമെണ്ടിനുമില്ല; ജനങ്ങൾക്കുമില്ല. പതിനായിരം ഉറുപ്പികയിൽ കൂടുതൽ വില്പനയുള്ള ആളുകളുടെ അടുക്കൽനിന്നു മാത്രമേ നികുതി ഗവൺമെണ്ടു വസൂലാക്കുകയുള്ളു എന്നാണ് പറഞ്ഞിരുന്നതു്. ഇപ്പോൾ ഒരു രൂപായുടെ വെറിലു ഒരു ദിവസം കച്ചവടം ചെയ്യുന്ന ഒരു കച്ചവടക്കാരനും സെയിൽസുടാക്സ് പിരിക്കാതിരിക്കുവാനും അയാളുടെ വില്പനയുടെ ആകെത്തുക കൊല്ലാവസാനത്തിൽ നോക്കുമ്പോൾ പതിനായിരം രൂപയിൽ കൂടുതൽവന്നാൽ അയാൾക്കു ഗവൺമെണ്ടിലേക്കു ടാക്സ് കൊടുക്കാതിരിപ്പാനും നിവൃത്തിയില്ല. ചെറിയ ചെറിയ എല്ലാ കച്ചവടക്കാരും സെയിൽസു ടാക്സ് പിരിക്കുന്നുണ്ടു്. കാരണം കൊടുത്ത ഒരു പൈസയുടെ വെറിലു വാങ്ങിയാൽ ഒരു പൈ സെയിൽസു് ടാക്സുണ്ടെന്നു പറയും. ഇങ്ങിനെ ഏതു കച്ചവടക്കാരനും സെയിൽസുടാക്സു പിരിക്കുന്നുണ്ടു്. എന്നാൽ ആ സംഖ്യ ഗവൺമെണ്ടിലേക്കു കൊടുക്കുകയുമില്ല. അപ്പോൾ സാധുക്കൾ ടാക്സ് കൊടുക്കേണ്ടതു കൊടുക്കണം. ഗവൺമെണ്ടിനു കിട്ടുന്നുമില്ല. അതുപോലെ ഇവിടെ ചുമത്തപ്പെടാനിരിക്കുന്ന ഓരോ ഇനത്തിലുമുള്ള ടാക്സും ധനികന്മാരെ മാത്രമല്ല സകല ആളുകളേയും ബാധിക്കും. അതിനെക്കുറിച്ചു ഇനി അധികം വിസ്തരിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

ഈ സംഖ്യ ഉണ്ടാക്കിയതിനുശേഷം അതെങ്ങിനെയാണ് ചിലവുചെയ്യുവാൻ തീർച്ചയാക്കീട്ടുള്ളതു എന്നു നോക്കാം. നമ്മുടെ ചിലവിൽ ഏറ്റവും വലിയതു ശമ്പളഇനമാണ്. ആദ്യം ശമ്പളത്തിനു സർ ലക്ഷമായിരുന്നു. അതു റിവൈസു ചെയ്യുവാൻ ഫ്രൈ ലക്ഷവും കൂടി വകനിരുത്തിയിട്ടുണ്ടു്. അപ്പോൾ ആകെ ഇനത്തിൽ ഒമ്പ ലക്ഷമായി. ഈ ഒമ്പ ലക്ഷം ആകെയുള്ളതിന്റെ ഫ/൫ ആയി. ഗവൺമെണ്ടു ഒരു നയം അംഗീകരിച്ചാൽ കൊള്ളാം. അതായതു കിട്ടാകെയുള്ള ആദായത്തിന്റെ ഇത്ര ശതമാനത്തിൽ കവിഞ്ഞു ശമ്പളം കൊടുക്കുകയില്ലെന്ന ഒരു വ്യവസ്ഥ ഉണ്ടാക്കണം. ഇന്നലെ ഇവിടെ പറഞ്ഞതുപോലെ ചില ചില ഉദ്യോഗനിയമനങ്ങൾ നടത്തുന്നതിനുവേണ്ടി ഉദ്യോഗങ്ങൾ സൃഷ്ടിക്കുകയാണ് ചെയ്യുന്നതു്. ഈ ഒരു നില ഗവൺമെണ്ടു അംഗീകരിച്ചുനിർത്തുന്നിടത്തോളം കാലം ഇത്ര ശതമാനത്തിൽ കവിഞ്ഞു ശമ്പളം കൊടുക്കുകയില്ല എന്ന ഒരു തീരുമാനത്തിൽ എത്തുവാൻ സാദ്ധ്യമല്ല. ഇന്നത്തെ ഗവൺമെണ്ടിന്റെ നയത്തിൽ വരുത്തേണ്ട പ്രധാനമായ ഒരു മാറ്റം അതാണ്. കിട്ടാകെയുള്ള വരവിന്റെ ഇത്ര ശതമാനത്തിൽ കൂടുതൽ ശമ്പളംവകക്കു് ചിലവുചെയ്യുകയില്ല എന്നൊരു തീരുമാനം ചെയ്യണം. ജനാധിപത്യഭരണമെന്നു പറഞ്ഞാൽ ആ ഭരണകൂടം പ്രവൃത്തിക്കുന്നതു മുഴുവൻ ആ ഭരണത്തിൻകീഴിലുള്ള ഉദ്യോഗസ്ഥന്മാരാണ്. ഉദ്യോഗസ്ഥന്മാർ പ്രാപ്തന്മാരും അറിവുള്ളവരും വിദ്യാഭ്യാസമുള്ളവരും അല്ലായെങ്കിൽ ഭരണാധികാരികൾ വിചാരിക്കുന്നതുപോലെ ഭരണം മുന്നോട്ടു കൊണ്ടുപോവുക സാദ്ധ്യമല്ല. ഇന്നത്തെ ഭരണകൂടം ഊർജ്ജിതമായി പ്രവൃത്തിക്കണമെന്നുണ്ടെങ്കിൽ ഉദ്യോഗസ്ഥലോകത്തിൽ വലിയൊരു മാറ്റം വരുത്തേണ്ടതായിട്ടുണ്ടു്. ആ മാറ്റം വരുത്തുവാൻ ഇന്നത്തെ ഭരണകൂടത്തിനു ധൈര്യം മതിയൊ എന്നാണ് എനിക്കു സംശയം. ഇവിടെ ഒരു റിട്രഞ്ചുമെന്റു കമ്മിറ്റിയുണ്ടു്. അനാവശ്യമായിട്ടുള്ള സകല ഉദ്യോഗങ്ങളേയും എടുത്തുകളയുകയും ആവശ്യമുള്ളതുമാത്രം വെച്ചുകൊണ്ടിരിക്കുകയും ചെയ്യണം; അവക്കു വേണ്ടതുപോലെയുള്ള ശമ്പളവും കൊടുക്കണം. അങ്ങിനെ അതിന്റെ കാര്യക്ഷമതയും അതിന്റെ പ്രാപ്തിയും അതിന്റെ കഴിവും കഴിയുന്നതും വികസിപ്പിക്കയാണു വേണ്ടതു്. ഇന്നത്തെ സ്ഥിതി നോക്കുകയാണെങ്കിൽ വളരെ കഷ്ടമാണ്. ചിലർക്കു അനാവശ്യമായി ശമ്പളം കൊടുക്കുന്നു. ചിലർക്കു യാതൊരു ജോലിയുമില്ലാതെ ശമ്പളം കൊടുക്കുന്നു. എന്നാൽ രാവും പകലും വിശ്രമമില്ലാതെ പണിയെടുക്കുന്ന ആളുകൾക്കു അവരുടെ അഹോവൃത്തിക്കുപോലും വഴിയില്ല. ശമ്പളത്തെ സംബന്ധിച്ചിടത്തോളം ഒരു സംഗതി ഞാൻ ഗവൺമെണ്ടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ട്ടഷ്ടിയിൽ പെടുത്തുന്നു. അഡ്ജൂഡിക്കേറ്ററെ ഗവണ്മെണ്ടു സ്ഥിരമായിട്ടു നിയമിക്കുവാൻ പോകുന്നുണ്ടല്ലോ. തൊഴിലാളികളും മുതലാളികളും തമ്മിലുള്ള തക്കം കൂലിയെ സംബന്ധിച്ചാണല്ലോ. കൂലിയെ സംബന്ധിച്ചുടത്തോളം ഈ അഡ്ജൂഡിക്കേറ്ററുടെ തീരുമാനം എന്താണു? ഒരു കൂലിക്കാരനു ദിവസം നാ. വരെ കൂലികൊടുക്കുവാൻ അദ്ദേഹം തീരുമാനിച്ചിട്ടുണ്ടു. ഫിസിക്കലായിട്ടുള്ള ജോലിയല്ലാതെ മറ്റൊരു ജോലിയും അവനു സാദ്ധ്യമല്ല. ഇങ്ങനെയുള്ള ഒരാൾക്കു കൊടുക്കുവാൻ നിശ്ചയിച്ചിട്ടുള്ള ശമ്പളം ഒരു ദിവസത്തിൽ എട്ടു മണിക്കൂർ പണിയെടുക്കുന്നതിനു മൂന്നരപ്പണികയാണു. നേരെമറിച്ചു് ബി. ഏ. പാസ്സായതും, നല്ല കുടുംബത്തിൽ ജനിച്ചുത്തമായ ഒരാൾ പ്രാപ്തിയും തൻപേടവുമുള്ള വിധത്തിൽ ജോലി ചെയ്യുന്ന ഒരു ഗവണ്മെണ്ടു ഉദ്യോഗസ്ഥനായാൽ അയാൾക്കു കൊടുക്കുവാൻ നിശ്ചയിച്ചിട്ടുള്ള സംഖ്യ മാസത്തിൽ ൨൫൦ രൂ. യാണു. മറ്റു ചില ഉദ്യോഗസ്ഥന്മാരെ ശിപായിമാരായിട്ടുള്ള താഴ്ന്ന ജോലിക്കാരെ സംബന്ധിച്ചു നോക്കുകയാണെങ്കിൽ എങ്ങിനെ കഴിഞ്ഞുകൂടും എന്നുള്ളതുവളരെ അത്ഭുതമാണു. അവരുടെ ഭാര്യക്കും കുട്ടികൾക്കും ചിലവിനു കൊടുക്കുവാനും, കുട്ടികളുടെ ഫീസ്സു, വീട്ടുവാടക ഇങ്ങിനെയുള്ള പല കാര്യങ്ങളും നിവ്വഹിക്കുന്നതിനു അവർക്കു കൊടുക്കുന്ന ശമ്പളം എന്താണെന്നുവെച്ചാൽ വെറും ൪൦ രൂ. മാത്രമാണു. ഈ ൪൦ രൂ. കൊണ്ടു അവർ ഡീസൻറായിട്ടു ജീവിക്കണം. അതേ സമയത്തു മറ്റൊരു ഭാഗത്തു ഒരാൾ ഒരു ദിവസത്തിൽ എട്ടു മണിക്കൂർ പണിയെടുക്കണമെന്നുണ്ടെങ്കിൽ അയാൾക്കു നാ. കൂലി കൊടുക്കണം. അതു ഗവണ്മെണ്ടു അംഗീകരിക്കുകയും ചെയ്യുന്നു. അങ്ങിനെ കൊടുക്കണം എന്നു നിർബ്ബന്ധിക്കുന്ന ഗവണ്മെണ്ടു തന്നെ കൊടുക്കുന്ന ശമ്പളം ഇത്രയും നിസ്സാരമായിട്ടു കൊടുക്കുവാനുള്ള കാരണം എന്താണെന്നു മനസ്സിലാകുന്നില്ല.

Mr. President : It is nearly time.

മിസ്റ്റർ പി. നാരായണമേനോൻ : അതുകൊണ്ടു ഈ കാര്യത്തിൽ എനിക്കു മറ്റു ചില സംഗതികളെക്കുറിച്ചു പറയുവാനുണ്ടു. സമയമില്ലാത്തതിനാൽ ഞാനിവിടെ വിവരിക്കണമെന്നുദ്ദേശിക്കുന്നില്ല. ഈ രാജ്യത്തിന്റെ അഭിവൃദ്ധിക്കും, ഭാവിശ്രേയസ്സിനും ജനങ്ങൾക്കു പഠിയതരത്തിലുള്ള ഒരു ചിലവാണോ ഇന്നു നിലവിലുള്ളതെന്നു ഞാൻ പിന്നെയും സംശയിക്കുന്നുണ്ടു. അതുകൊണ്ടു മേലിലെങ്കിലും ബഡ്ജറ്റു തയ്യാറാക്കുമ്പോൾ ആ പഴയ മുശയും കരുക്കളും ഉണ്ടെങ്കിൽ അതു എടുത്തുകളഞ്ഞു, ഒരു പുതിയ രീതിയിൽ ആക്കിയാൽ തരക്കേടില്ലെന്നു എനിക്കു ഒരപേക്ഷയുണ്ടു. ഇവിടെ അടുക്കും പലരും മരിച്ചിട്ടുണ്ടെന്നുള്ളതു തീർച്ചയാണു—എന്നാൽ പഴയ തൊഴിൽശാലകളും, മുശകളും ഇന്നും മരിച്ചിട്ടില്ല. അതുകൊണ്ടു ജനങ്ങളുടെ ക്ഷേമത്തിനും, ഐശ്വര്യത്തിനും, സുഖസമൃദ്ധിക്കും പറ്റിയവിധത്തിലുള്ള നികുതികളും, ആദായങ്ങളും അടങ്ങുന്ന ഒരു ബഡ്ജറ്റു ഇനിയത്തെ കൊല്ലമെങ്കിലും ഉണ്ടാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും അതിനായി അപേക്ഷിച്ചുകൊണ്ടും എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

Mr. M. O. Thomakutty *(Commerce and Industry)*: Mr. President, there is not even a taint of exaggeration when I say, Sir, that the public of Cochin is awe-struck by the record-breaking budget presented by the Hon'ble Finance Member. But realists can only look upon it with alarm and frustration—alarm because of the way of manipulating revenues and frustration because of the manner of spending the revenues.

Of late the State budgets are manifesting themselves to be instances of financial jagglery. For the last 8 years large proportions of its revenue were being transferred to the Revenue Reserve Fund with a view to representing the surpluses as normal. True, these were mostly war years and no expenditure of a nation-building nature and lasting utility could be thought of in these years. But what is it that we are noticing after the war ? Withdrawals are being made from the Revenue Reserve Fund in an apprehensive manner to camouflage the huge deficits—deficits not on account of a constructive programme of development but mainly for frittering the tax-payers' money on salaries and establishments entertained at the whims of those who are at the helm of affairs. Of course, Government are contemplating retrenchment of the staff ; and let us wait and see.

Apart from the staggering provision for the staff, lavish appropriations are contemplated for capital outlay works. The Revised Estimate for 1122 provides Rs. 72 lakhs for this item, and for 1123 the provision soars up to 148 lakhs. One fails to appreciate the sense in making such colossal provisions for capital outlay when it is seen that out of 42 lakhs earmarked for this in 1121 only a sum of Rs. 16 lakhs was actually spent. With such sad experience of our bloated

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. O. Thomakkutty]

P. W. D., it is fantastic, to say the least, that about 1½ crore of rupees is to be set apart for the capital outlay.

Another outstanding characteristic of the budget is the step-motherly attitude to Agricultural and Industrial Development disclosed in an unmistakable manner. It is indeed most reprehensible that the cause of agriculture is overlooked when, as a matter of fact the entire population is on the verge of starvation. As regards Industry, there is no doubt the accumulated Industrial Development Fund has come to the extent of Rs. 28 lakhs. Has any purpose been served by the Fund so far, and if not, why? It is now over three years after the constitution of the Fund, but there is not yet even a solitary instance of having accorded any encouragement to any industry from the so-called Industrial Development Fund. I presume that the inordinate delay in drafting a scheme for utilising the Fund coupled with the stiffness of the scheme itself should be responsible for this unedifying state of affairs. Cannot Government liberalise the scheme so that the Industries in the State may take advantage of the Fund ?

Inflation and high price level have all along maintained the State Renenue at its peak. But Government do not seem to be satisfied and they contemplate the steping up of income-tax, super-tax and sales-tax in addition to the introduction of Agricultural Income-tax and enhancement of stamp duties. We of the trade and commerce have come to realise that the ultimate outcome of these fiscal measures will be to scare away Industry and Commerce from this State to the detriment of its economic prosperity. Indeed there is the argument that these expedients are necessary to set off the fall in revenue due to introduction of Prohibition. I do not propose to dwell upon the wisdom of the decision on the question which the Ministry seems to have already taken more out of sentiment than for reason. But they would do well to remember that Prohibition is a complex issue and that the success of experiments initiated elsewhere remains to be seen. The slender resources of the State cannot afford such experiments especially because the compensatory revenue is to be found out of the sweat and toil of the famished subjects of the State. Sagacious Statesmanship demands that we should wait until Prohibition becomes a proved success elsewhere.

So much about the Budget in general. Before I sit down, I would like to make a few observations on certain grants particularly.

(*i*) *Public Works Department.*—Lapses of grants form a regular feature of the Public Works Department. In 1121, the actuals under the P. W. D. were only Rs. 58 lakhs. The revised estimate for 1122 is fixed at Rs. 60 lakhs and the Budget Estimate for 1123 is Rs. 76 lakhs. An undue proportion of the provision is for salaries and establishments due to creation of a large number of posts in the higher grades. Our State is smaller than the Kottayam Taluk of Travancore. There is only one Executive Engineer in the Kottayam P. W. Division. Here we have no less than five Executive Engineers and more than 15 Assistant Engineers. The pity is that instead of improving matters, the expansion of the Engineering executive is only accelerating deterioration which has always been the case with this Department. If the department can point out at least half a dozen completed major projects to its credit in a year one could have put up with the position.

(*ii*) *Food Supplies Department.*—Coming to the Food Supplies Department we note that the establishment charges alone come to about 20 lakhs—not to speak of the heavy loss sustained by the working of the department year after year. This is due to the defective policy pursued by Government right from the beginning. Even now it is a point for serious consideration whether procurement of commodities other than paddy and rice cannot with advantage be left to the mercantile community. While many articles in India are getting decontrolled, here the control measures are being made more rigid and more rigorous. The net result of all these is that much that could be saved are being dissipated in a futile fashion. Manned by laymen who know nothing of commerce and trade, the department cannot be expected to fare better in the field.

(*iii*) *Medical Department.*—The people of the State will certainly be grateful to the Ministry in charge of medicine for the provisions made for expaansion of medical aid. While congratulating Government on this, I hope that adequate attention will be bestowed in providing better qualified and more efficient staff than is obtained now. I would point out in this connection that corresponding to the importance of the Trichur Taluk, its head quarter Hospital does not possess enough facilities either by way of accommodation, or branches of treatment. I do hope that this defect will be remedied this time.

(*iv*) *Pay Revision.*—I am sure that the whole House will feel glad over the provision of Rs. 18 lakhs made for the revision of pay of the service. Contented staff is the rock-bottom

LIBRARY ARCHIVES Kerala Legislative Assembly

of efficient administration. It is a penny wise, pound foolish policy to have an ill-paid, disgruntled and d saffected officialdom. There has been enough of discussion and deliberation in the matter and I urge Government to issue immediate orders, so that a long-standing grievance may be redressed without delay.

മിസ്റ്റർ കെ. ഐ. വേലായുധൻ: പ്രസിഡണ്ട്, സർ, ഈ ബഡ്ജറ് ഇവിടെ അവതരിപ്പിക്കുന്നതിനു മുൻപുതന്നെ സാധാരണ ജനങ്ങളുടെ ഇടയിൽ ഒരു സംസാരമുണ്ടായിരുന്നു നമുക്ക് ഒരു ഡെഫിസിറ് ബഡ്ജറാണ് കിട്ടാൻ പോകുന്നതെന്നാണ്. പക്ഷേ, അവതരിപ്പിച്ചപ്പോൾ അങ്ങിനെയുള്ള ഒരു സംഗതി അല്ല നമുക്ക ബഡ്ജറിൽ കാണുവാൻ സാധിച്ചിട്ടുള്ളതു്. വളരെ അധികം കായ്ക്കുകൾ അടങ്ങിയിട്ടുള്ള ഇതുവരെ ഉണ്ടായിരുന്ന ബഡ്ജറുകളും ഇന്നത്തേതുംകൂടി തട്ടിച്ചു നോക്കുമ്പോൾ നവംനവങ്ങളായിട്ടുള്ള ബുദ്ധിമുട്ടുകളോടുകൂടിയ പലെ പദ്ധതികളും ഇന്നവതരിപ്പിച്ച ബഡ്ജറിൽ ഉള്ളടക്കം ചെയ്യപ്പെട്ടിട്ടുണ്ട്. നടപ്പിൽ വരുത്തുവാൻ വളരെ പ്രയാസമുണ്ട്. ഇതവതരിപ്പിച്ച ധനകായ്യ മെമ്പർ തന്റെ ഭാരം ഇറക്കിവെച്ചു സാവധാനത്തിൽ തലയുരുന്ന ഒരു സമ്പ്രദായമാണ് ഇന്നത്തെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നും മനസ്സിലാക്കുവാൻ സാധിച്ചതു്. അതിനുള്ള കാരണം ഈ ബഡ്ജറ് കൃാബിനറിന്റെ മുമ്പിൽ വെയ്ക്കുകയും, ഈ നിയമസഭയിൽ നിന്നും തിരഞ്ഞെടുത്തിട്ടുള്ള സ്റ്റാൻറിങ്ങ് ഫിനാൻസ് കമ്മിറിയുടെ മുമ്പാകെ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവർ അതിനെ സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങിനെയുള്ള ഒരു ബഡ്ജറാണ്, മുൻകൊല്ലങ്ങളെ അപേക്ഷിച്ചു ഈ കൊല്ലം നമുക്ക് കിട്ടിയിട്ടുള്ളതു്. ഏ ർ ലക്ഷം ഉറുപ്പിക എക്സൈസ്സ് വകുപ്പിൽനിന്നുതന്നെ ഉണ്ടാക്കാൻ സാധിച്ചു എന്നു് ഇതിനുമുമ്പു് ബഹുമാനപ്പെട്ട ഒരു മെമ്പർ പറയുകയുണ്ടായി. അങ്ങിനെയുള്ളതായ ഒരു ഡിപ്പാർട്ടുമെണ്ടിൽ ഏറവും കായ്ക്ഷമതയോടുകൂടി നിഷ്കൃമമായി പഴയരീതിയെ അപേക്ഷിച്ചു നടക്കുന്നുണ്ടെന്നു് പറയുവാൻ ഞാൻ സഭാ തയ്യാറാണ്. പക്ഷെ അവിടെയും കീഴുദ്യോഗസ്ഥന്മാരോടു കർശനമായ, കക്കശമായി കഠിനമായ് നടപടികളും നടത്തുന്നുണ്ടെന്നാണ് അറിയുന്നതു്. സാധാരണയായി ഒരു വകുപ്പധ്യക്ഷനു് അവിടെയുള്ള കീഴുദ്യോഗസ്ഥന്മാരെ ശിക്ഷിക്കുക, അതായതു് ഒരു ഉറുപ്പിക പിഴയിടുക. സസ്പെൻറു ചെയ്യുക, വാൺചെയ്യുക എന്നുള്ള സമ്പ്രദായമാണ് നടപ്പിലാക്കുവാൻ സാധിക്കുന്നതു്. അങ്ങിനെയുള്ള ഒരു സമ്പ്രദായമാണ് ഇന്നു് എക്സൈസ്സ് വകുപ്പിൽ കുറങ്ങൾക്കുള്ള ശിക്ഷകളും എങ്കിൽ, അതെല്ലാം നമ്മൾക്ക നൃായീകരിക്കാം. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ ഒരു കടലാസ്സയക്കുവാൻ താമസിച്ചിട്ടുണ്ടെങ്കിൽ അതിനൊരു സ്പ്രെഷൽ മെമ്മോ കൊടുക്കുന്നതിനു മുമ്പായി ആ വകുപ്പധ്യക്ഷൻ ചെയ്യുന്നതു് ഉടനെ കമ്പി അടിക്കലാണു്. അതും സാധാരണയായിട്ട് കമ്പി അടിക്കുന്നതു് ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ ചെയ്യാറില്ലാ. കാരണം, ഞായറാഴ്ച കമ്പി അടിയ്ക്കുകയാണെങ്കിൽ ഇരട്ടിക്കൂലി കൊടുക്കണം. കമ്പി അടിക്കുന്ന കൂലി ആ ഉദ്യോഗസ്ഥനിൽനിന്നും വസൂലാക്കുവാൻ എളുപ്പത്തിൽ സാധിക്കുന്നതാണു്. ഇന്നു് ഉദ്യോഗസ്ഥന്മാക്കു് ശമ്പളപരിഷ്കാരം വേഗത്തിൽ അനുവദിച്ചു കൊടുക്കണമെന്നു് പറയുന്ന ഈ അവസരത്തിൽ ഒരു മാസത്തിൽ മൂന്നും, നാലും ആഴ്ചകളിൽ ഇതുപോലെ കമ്പികളും അടിക്കുകയാണെങ്കിൽ ആ സാധു ഉദ്യോഗസ്ഥനു് ഒരു മാസത്തിൽ കിട്ടുന്ന ശമ്പളം അതിനായിട്ടതന്നെ വിനിയോഗിക്കേണ്ടിവരും. ഭാരതയുദ്ധത്തിൽ അഭിമന്യുവിന്റെ അമ്പുകൊള്ളാത്തവർ ഇല്ല കുരുക്കളിൽ എന്നു പറഞ്ഞതുപോലെയാണു്. ഇന്നു് എക്സൈസ്സു് ഡിപ്പാർട്ടുമെണ്ടിലു് ഇങ്ങിനെയുള്ള കമ്പികിട്ടാത്തവരായി ആരുംതന്നെ ഇല്ലെന്നാണു് അറിയുന്നതു്. അവരുടെ ശമ്പളത്തിന്റെ എതാണ്ടൊരു ഭാഗം ഇതിനുവേണ്ടി ചിലവാക്കേണ്ടതായിട്ടാണു് ഇരിക്കുന്നതു്. പക്ഷെ ഇതിന്റെയെല്ലാം ചുമതല സാധുക്കളായ ജനങ്ങളിലാണു് വന്നുവീഴുന്നതു്. കാരണം എക്സൈസ്സ് ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാക്ക നല്ലപോലെ അറിയാം അവക്ക അനാവശ്യമായി നഷ്ടപ്പെടുന്ന സംഖ്യ ഏതു വിധത്തിൽ സാധുക്കളായ ജനങ്ങളിൽനിന്നു വസൂലാക്കണമെന്നു്. ഇനി ഇന്നത്തെ സ്റ്റാഫ് സെലക്ഷൻ ബോർഡിനെ സംബന്ധിച്ചാണു് പറയുവാനുള്ളതു്. അതിനെ സംബന്ധിച്ചു ചില ക്രിസ്ത്യൻ പത്രങ്ങളിൽ കാണുവാൻ സാധിച്ചു എല്ലാം ഈഴവമയമായിപ്പോയി എന്നു്. എന്താണു് അതിന്റെ അർത്ഥമെന്നു് എനിക്കു് മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. ഇതിനുമുൻപു രണ്ടു ക്രസ്ത്യൻ മെമ്പർമാരും അതിന്റെ എല്ലാം അധികാരിയായി, ഒരു ക്രസ്ത്യൻ ദിവാനും ഉണ്ടായിരുന്ന അവസരം ഉണ്ടായിരുന്നു. അങ്ങിനെയുള്ള അവസരത്തിൽ യാതൊരു പത്രങ്ങളും എഴുതുക ഉണ്ടായിട്ടില്ല എല്ലാം ക്രസ്ത്യൻമയമായിപ്പോയി എന്നു്. പക്ഷെ ഇന്നു നൂ½ ലക്ഷം വരുന്ന ഈഴവരു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. I. Velayudhan]

ടെ ഒരു ഉദ്യോഗസ്ഥനു് അതിൽ കടുന്നുകൂടുവാൻ സാധിച്ചപ്പോൾ മുഴുവൻ സമുദായ പ്രാധിനിദ്ധ്യത്തിനുവേണ്ടി മാത്രമായിട്ടാണു് സ്റ്റാഫു് സെലക്ഷൻ ബോർഡു് ഏർപ്പെടുത്തിയിട്ടുള്ളതെന്നുള്ള പരാതിയാണു് പത്രത്തിൽ കണ്ടുകൊണ്ടിരിക്കുന്നതു്. ഈഴവർക്കു് വേണ്ടി മന്ത്രമാണു് സ്റ്റാഫു് സെലക്ഷൻ ബോർഡു് വെച്ചുകൊണ്ടിരിക്കുന്നതെന്നും, ഉദ്യോഗവിതരണംചെയ്യുന്നതു് എന്നും പറയുന്നതു ശരിയല്ല. അതിന്റെ ഇതഃപര്യന്തമുള്ള പ്രവർത്തനം നോക്കുന്നതായാൽ യാതൊരു പത്രത്തിനും യാതൊരു സമുദായത്തിനും യാതൊരു പരാതിയും പറയുവാൻ സാധിക്കുന്നതല്ല. ഏതെങ്കിലും വിധത്തിൽ സമുദായപ്രാതിനിദ്ധ്യത്തിൽ കവിഞ്ഞു ഈഴവർക്കു ഉദ്യോഗം കിട്ടുന്നുണ്ടെങ്കിൽ, അല്ലെങ്കിൽ കൊടുക്കുന്നുണ്ടെങ്കിൽ അവരുടെ വാദങ്ങൾക്കു വഴങ്ങിക്കൊടുക്കുവാൻ തയ്യാറാണു്. അങ്ങിനെയൊന്നും ഇല്ലാത്തസ്ഥിതിക്കു് വെറും ഒരു ഈഴവൻ അതിൽ ഒരു മെമ്പറായി എന്നുള്ള കുറ്റാരോപണങ്ങൾ മാത്രമാണു് ഇങ്ങിനെയുള്ള വാദഗതികളിൽ മുഴുങ്ങികാണുന്നതെങ്കിൽ അതിനെ ശക്തിയായി ഞങ്ങൾ എതിർക്കും, ആ വാദഗതികളിലടങ്ങിയിട്ടുള്ള ദുരുദ്ദേശത്തെ, പച്ചക്കളവിനെ ഞങ്ങൾ പ്രത്യക്ഷമാക്കും.

പിന്നീടു് എനിക്കു പറയുവാനുള്ളതു് ഈ അടുത്തകാലത്തു പ്രത്യേകിച്ചു് അവശസമുദായങ്ങളിൽ അവരുടെ വിദ്യാഭ്യാസകാര്യത്തിൽ പക്ഷപാതിത്വം അനുഭവിച്ചുവരുന്ന സമ്പ്രദായം ഇല്ലാതെയാക്കുവാനോ എന്തോ എന്നറിഞ്ഞുകൂടാ കൊച്ചിനൈറ്റഡു് എന്ന വാക്കിനു മാത്രം എഡ്യൂക്കേഷൻ കോഡിൽ ഒരു പുതിയ ഭേദഗതി കൊടുത്തുകാണുന്നുണ്ടു്. ആ ഭേദഗതി പ്രകാരം ഫീസ്സിളവു് അനുവദിക്കണമെങ്കിൽ അവശസമുദായത്തിൽപ്പെട്ടവൻ അല്ലെങ്കിൽ പക്ഷപാതി ഫീസ്സിന്നർഹനായിട്ടുള്ളവൻ കൊച്ചി രാജ്യത്തിൽ ജനിച്ചിരിക്കണം എന്നാണു് ആ ഭേദഗതികൊണ്ടു മനസ്സിലാകുന്നതു്. ഉദാഹരണമായി ഒരു കുട്ടിയെ ബ്രിട്ടീഷിലോ തിരുവിതാംകൂറിലോ പ്രസവിച്ചു കുറച്ചുദിവസം കഴിഞ്ഞതിനുശേഷം ആ കുട്ടിയെ കൊച്ചിൻ സ്റ്റേറ്റിൽ കൊണ്ടുവന്നു വളർത്തുകയാണെങ്കിലും അയാളുടെ അച്ഛൻ കൊച്ചിക്കാരനായാലും അയാൾ ജനിക്കലും കൊച്ചിൻ സ്റ്റേറ്റുകാരനല്ല. അയാൾ ബ്രിട്ടീഷ് കാരനോ തിരുവിതാംകൂർകാരനോ ആയിരിക്കും. പക്ഷപാതി ഫീസ്സിന്നർഹനുമല്ല. സാധാരണയായി അവശസമുദായങ്ങളുടെ ഇടയിൽ പ്രത്യേകിച്ചു ഈഴവരുടെ ഇടയിൽ ഒരു പതിവുണ്ടു്. ആയതു് ആദ്യത്തെ പ്രസവത്തിനു് ഭാര്യവീട്ടിലേക്കു കൊണ്ടുപോവുക. അതായതു് കൊച്ചിക്കാരനായ ഒരാൾ ബ്രിട്ടീഷിൽനിന്നും കല്ല്യാണം കഴിച്ചിട്ടുണ്ടെന്നു വിചാരിക്കുക. ഒരു പക്ഷെ അയാളുടെ ഭാര്യ ബ്രിട്ടീഷിലായിരിക്കും പ്രസവിച്ചുതെങ്കിൽ ആ കുട്ടി കൊച്ചിയിൽ ജീവിച്ചു വളർന്നു വരികയാണെങ്കിലും, ആ കുട്ടിയുടെ സകല അവകാശങ്ങളും ബ്രിട്ടീഷ് ലല്ല കൊച്ചിയിലാണെങ്കിലും അയാൾക്കു ഇവിടെ സ്ഥാനമില്ലെന്നു പറയുന്നുവെന്നാണു് ഞങ്ങൾക്കു മനസ്സിലാക്കുവാൻ സാധിക്കുന്നതു്. ആ കുട്ടിയെ ബ്രിട്ടീഷിൽ പ്രസവിച്ചു എന്നുള്ള കാരണംകൊണ്ടു് കൊച്ചിയിൽ യാതൊരു സ്ഥാനവും കൊടുക്കുവാൻ പാടില്ല എന്നുമാണു് ഈ കർക്കശമായ നിയമംകൊണ്ടു് ഗവണ്മെന്റു ഉദ്ദേശിക്കുന്നതും നടപ്പിലാക്കുവാൻ പരിശ്രമിക്കുന്നതും. ബ്രിട്ടീഷും തിരുവിതാംകൂറും കൊച്ചിയോടടുത്തു കിടക്കുന്നതുകൊണ്ടു് അവിടെനിന്നുള്ള വിവാഹബന്ധങ്ങൾ ഇന്നാട്ടുകാർക്കു സാധാരണയാണു്. അതുകൊണ്ടു് ഈ ഭേദഗതിമൂലം പക്ഷപാതി ഫീസ്സു കിട്ടുവാൻ അർഹതയുള്ളവർക്കു് ഒരു നിയമതടസ്ഥമായിട്ടാണു് വിദ്യാഭ്യാസവകുപ്പിൽ ഇങ്ങിനെ ഒരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളതെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഇങ്ങിനെയുള്ള ഓരോ ഭവനങ്ങളേയും തട്ടിച്ചുനോക്കുമ്പോൾ കൊച്ചി രാജ്യത്തിലുള്ള അവശസമുദായങ്ങളിൽ ആർക്കുംതന്നെ ഗവണ്മെന്റു ഇതേവരെയും അനുവദിച്ചുതന്നിട്ടുള്ള പക്ഷപാതി ഫീസ്സു കിട്ടുവാൻ അർഹതയുണ്ടെന്നു തോന്നുന്നില്ല. വേറെ ഒരു ഉദാഹരണം എടുക്കുകയാണെങ്കിൽ വൈപ്പിൻ കരയിൽ ഉള്ള ഒരു സ്ത്രീയെ പ്രസവത്തിനായിട്ടു് ബ്രിട്ടീഷ് കൊച്ചിയിലുള്ള ആസ്പത്രിയിൽ കൊണ്ടുപോയി അവിടെവെച്ചു് ആ സ്ത്രീ പ്രസവിച്ചാൽ ആ ഒരു കാരണംകൊണ്ടു് ആ ഒരു കുട്ടിക്കു് ഇവിടെ ഒരിക്കലും പക്ഷപാതി ഫീസ്സു് കിട്ടുന്നതല്ല. ഇപ്പോഴത്തെ നിയമംകൊണ്ടു് അവകാശവുമില്ല. ഈ പക്ഷപാതി ഫീസ്സുതന്നെ കിട്ടുവാൻ വളരെ അധികം വാദങ്ങൾ ഞങ്ങൾ ഉന്നയിച്ചിട്ടുണ്ടു്. വളരെ അധികം ശിക്ഷണങ്ങളും ത്യാഗങ്ങളും സഹിച്ചതിനുശേഷം മാത്രമാണു് ഫീസ്സിളവു കിട്ടിയിട്ടുള്ളതും. ദിവാൻ വിജയരാഘവാചാരിയുടെ കാലത്താണു് അവശസമുദായങ്ങൾക്കു് പക്ഷപാതി ഫീസ്സു കൊടുക്കണമെന്നുള്ള നിയമം നടപ്പിലായതു്. അതിനു ശേഷം ദിവാൻ നാരായണമേനവന്റെ കാലത്തു അമ്മയോ അച്ഛനോ കൊച്ചിക്കാരനായിരിക്കണം, ആ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങിനെയുള്ളവരുടെ സന്താനങ്ങൾക്ക മാത്രമോ പകുതി ഫീസ്സ് അനുവദിക്കുകയുള്ള എന്നുള്ള ഒരു നിയമം സൃഷ്ടിച്ചതു്. ആ നിയമം ഇപ്പോഴും നിലവിൽത്തന്നെ നില്ക്കുന്നുണ്ടു്. അതനുസരിച്ചാണു് പകുതി ഫീസ്സ് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നതു്. അവശസമുദായങ്ങളെ സംബന്ധിച്ചിടത്തോളം അവർ ഇന്നനുഭവിച്ചുവരുന്ന പകുതി ഫീസ്സ് കിട്ടാതെ ഇരിക്കുവാനുള്ള ഒരു കൃത്രിമ വേഷംകെട്ടലാണൊ ഈ നിയമഭേദഗതികൊണ്ടു് ഗവ മ്മെണ്ടു ഉദ്ദേശിക്കുന്നതു്. അതുകൊണ്ടു് എനിക്കു ഗവമ്മെണ്ടിനോടു പറയുവാനുള്ളതു് ഇങ്ങിനെയുള്ള നിയമം ഉടനെ Education Code-ൽ നിന്നും പിൻവലിച്ചുകൊണ്ടു് മുൻനിയമപ്രകാരംതന്നെ ഇനിയും തുടർന്നുകൊണ്ടു് പോകണമെന്നു് താഴ്മയായി ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

അവസാനമായി എനിക്കു പറയുവാനുള്ളതു് സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ ൧൫ ക. മുതൽ ൪൦ ക. വരെയുള്ള ഉദ്യോഗവിതരണാധികാരത്തിൽനിന്നു ഉപരിയായി ൧൦൦ ക. യിൽ മീതെയുള്ള ഉദ്യോഗങ്ങൾകൂടി അതിന്റെ പരിധിയിൽ പെടുത്തണമെന്നാണു്. ഇന്നു് ഏറ്റവും വലിയ ശമ്പളം വാങ്ങുന്ന ഉദ്യോഗങ്ങളിൽ ഈ രാജ്യത്തിലെ ജനസംഖ്യയിൽ മൂന്നര ലക്ഷത്തോളം വരുന്ന ഈഴവർക്കു് ഏറ്റവും തുച്ഛമായിട്ടുള്ള ഒരു ശതമാനം മാത്രമാണു് കിട്ടുവാൻ സാധിച്ചിട്ടുള്ളതു്. അതിനു ഒരു നിവാരണം വരുത്തണമെങ്കിൽ ൧൦൦ ക. യും അതിനു മേലോട്ടും ശമ്പളമുള്ള ഉദ്യോഗനിയമനങ്ങളും സമുദായപ്രാതിനിദ്ധ്യം അനുസരിച്ചു നടത്തുവാനുള്ള അവകാശം കൊടുക്കണം. എന്നാൽ മാത്രമെ ഇന്നു അവശതയിൽ കിടക്കുന്ന സമുദായങ്ങൾക്കു് ൧൦൦ ക.യിൽ മേലുള്ള ഉദ്യോഗങ്ങളിൽ ശരിയായിട്ടുള്ള ഒരു സ്ഥാനം വഹിക്കുവാൻ സാധിക്കുകയുള്ളു. തൻമൂലം അവരുടെ അവശതകളെ ദൂരീകരിക്കുവാൻ എളുപ്പത്തിൽ സാധിക്കുന്നതിനും രാഷ്ട്രീയാധികാരം കരഗതമാക്കുവാനും ത്വരിതമായ പുരോഗമനത്തിനും അവകാശം നിലനിർത്തുവാനും സാധിക്കുന്നതാണു്. ഇന്നു് സ്റ്റാഫ് സെലക്ഷൻ ബോർഡിൽനിന്നു നടത്തുന്ന ഉദ്യോഗങ്ങളെ കണ്ടിട്ടു് വെറും അസൂയകൊണ്ടുമാത്രം അതിനെ തകിടം മറിക്കുവാൻ പലരും പരിശ്രമിക്കുന്നുണ്ടു്. ഇന്നത്തെ വിദ്യാഭ്യാസമന്ത്രിയുടെ മുമ്പിൽത്തന്നെ കാണിച്ചുകൊടുക്കുകയാണെങ്കിൽ വയറുകീറി ഓഫ് പബ്ലിക്ക് ഇൻസ്ട്രക്ഷൻ നടത്തികൊണ്ടിരിക്കുന്ന അഴിമതികളെ നോക്കിയാൽ മതി. സ്റ്റാഫ് സെലക്ഷൻ ബോർഡിൽനിന്നു് വെച്ചിട്ടുള്ള അവശസമുദായത്തിലെ ഒറ്റ ഈഴവ ഉദ്യോഗസ്ഥനെപ്പോലും വിദ്യാഭ്യാസമേലധ്യക്ഷന്റെ ആപ്പീസ്സിൽ കാണുകയില്ല. അഥവാ അദ്ദേഹത്തിന്റെ ആഫീസ്സിലേക്കു ഒരാളെ ബോർഡിൽനന്നും നിയമിച്ചിട്ടുണ്ടെങ്കിൽ മൂന്നോ, നാലോ മാസത്തിനുള്ളിൽ അവിടെനിന്നും മാറ്റം കൊടുക്കുന്നതായ ഒരു സമ്പ്രദായമാണു് കാണുന്നതു്. അദ്ദേഹത്തിന്റെ ആഫീസ്സിൽ പത്തോ നാല്പതോ ഉദ്യോഗസ്ഥന്മാരുള്ളതിൽ അവശസമുദായത്തിൽപ്പെട്ട ഒറ്റ ഉദ്യോഗസ്ഥനെപ്പോലും കാണുവാൻ സാധിക്കുന്നതല്ല. എന്താണു് അതിന്റെ രഹസ്യമെന്നുവെച്ചാൽ ആ വകുപ്പദ്ധ്യക്ഷൻ ഇന്നു സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ ദൃഷ്യം പറഞ്ഞുകൊണ്ടു് ബോർഡിൽനിന്നു വെക്കുന്നതായ ഒറ്റ അംഗത്തെപ്പോലും അദ്ദേഹത്തിന്റെ ആഫീസ്സിൽ വെക്കാതെ വേറെ ചില മറിമായംകൊണ്ടു് പുറത്തേക്കു വിടുകയാണു് ചെയ്യുന്നതു്. അങ്ങിനെയുള്ളതു നിവർത്തൽ ചെയ്യുവാൻ വിദ്യാഭ്യാസമന്ത്രിക്കു സാധിക്കുന്നതാണു്, ഈ സംഗതി അദ്ദേഹത്തിന്റെ ശ്രദ്ധക്കു വിഷയീഭവിക്കുന്നതിനുവേണ്ടി ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

അതുപോലെതന്നെ ജാതിയെ നിലനിർത്തുന്ന സമ്പ്രദായം പരിഷ്കൃത ഗവമ്മെണ്ടെന്നഭിമാനിക്കുന്ന ഈ ജനകീയ ഗവമ്മെണ്ടിനുള്ളിൽ നടന്നുകൊണ്ടിരിക്കുന്നതായിട്ടു കാണാം. അതു ഇവിടെ തൊട്ടു കിടക്കുന്ന ജനറൽ ആസ്പത്രിയിൽNurses quarters-ന്റെ അടുക്കളയിൽ നടക്കുന്ന ഒരു ജാതി സമ്പ്രദായമാണു്. രണ്ടു കിച്ചൻ—Caste Hindu Kitchen, Non-Caste Hindu Kitchen. ഇങ്ങിനെ രണ്ടു തരത്തിൽ കിച്ചൻ ഉള്ളതായിട്ടു അന്വേഷിച്ചാൽ അറിയാവുന്ന പരമാർത്ഥമാണു്. ഇതു് ഉയർന്ന സമുദായത്തിൽപ്പെട്ടവരുടെ സൌകര്യത്തിനുവേണ്ടി ചെയ്തിട്ടുള്ള ഒരു ഏർപ്പാടാണു്. വളരെ കാലപ്പഴക്കമുള്ള തുരുമ്പിച്ച ഒരു സംഭവമാണു്. ഇതിനെസംബന്ധിച്ചു് പല ചോദ്യങ്ങളും ഇവിടെ വന്നിട്ടുണ്ടു്. പക്ഷെ ഇന്നും ആ സമ്പ്രദായം നിലനില്ക്കുന്നുണ്ടു്. ഇങ്ങിനെയുള്ള അഴിമതികളേയും, അവശതകളേയും നീക്കം ചെയ്യേണ്ടതു് നമ്മുടെ ഗവമ്മെണ്ടിന്റെ മുമതലയാണു്. ഇങ്ങിനെയുള്ള കാര്യങ്ങളിൽ അവശസമുദായങ്ങളെ സംബന്ധിച്ചു പ്രത്യേകം മനസ്സിരുത്തണം എന്നു പറഞ്ഞുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. എ. മഹമ്മദ് അഷ്റഫ്: സർ, ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു പോലെ പ്രത്യേകമായ കിച്ചൻ ജനറലാസ്തുരിയിലുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: ഇവിടെ പറഞ്ഞ മാതിരിയാണെന്നുള്ളതു് ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല. സവർണ്ണക്കുമാത്രം ഒരു അടുക്കള, അവർണ്ണക്കുമാത്രം ഒരു അടുക്കള അങ്ങിനെ പ്രത്യേകമായിട്ടു ഉണ്ടാക്കീട്ടില്ലെന്നാണു് എന്റെ അറിവു്. അങ്ങിനെ ഉണ്ടെന്നറിഞ്ഞാൽ അതു മാറ്റുവാനും ഒരുക്കമാണു്.

മിസ്റ്റർ കെ. എ. വേലായുധൻ: ഇതിനെപ്പറ്റി സൂക്ഷ്മമായി ബഹുമാനപ്പെട്ട മന്ത്രി അന്വേഷിച്ചാൽ കാണുവാൻ സാധിക്കും.

റാവു സാഹിബു് ടി. കെ. നായർ: ഞാൻ പറഞ്ഞതു് ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ കാസ്റ്റ് ഹിൻദൂസ്സെന്നും, നൊൺ-കാസ്റ്റ് ഹിൻദൂസ്സെന്നും പറഞ്ഞിട്ടു് വെവ്വേറെ കിച്ചനില്ലെന്നാണു്. എന്റെ അന്വേഷണത്തിൽ അങ്ങിനെയില്ല. ഒരു ഭാഗത്തു മത്സ്യവും, മാംസവും വെക്കുന്നതും, മറ്റൊരു ഭാഗത്തു പച്ചക്കറിതന്നെ വെക്കുന്നതുമായ അടുക്കളയുണ്ടായിരിക്കുമെന്നല്ലാതെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള അടുക്കള ജനറൽ ആസ്തുതിയിലില്ല.

മിസ്റ്റർ പി. കെ. ഡീവർ: രണ്ടുതരത്തിലുള്ള അടുക്കള അവിടെയുണ്ടെന്നു പറയുന്നുണ്ടു്. അതിൽ രണ്ടിലും രണ്ടു തരത്തിലുള്ള പാചകരീതിയാണു് എന്നും പറഞ്ഞു. അപ്പോൾ ജാതിചിന്ത കൂടാതെ ആർക്കും ഏതു സെക്ഷനിലും ചേരാൻ വിരോധമില്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

റാവു ബഹദൂർ ടി. കെ. നായർ: വിരോധം ഉണ്ടെന്നോ, ഇല്ലെന്നോ പറയുന്നില്ല. അവിടെ ഏതുവിധത്തിലുള്ള കിച്ചനാണ് വെച്ചുകൊണ്ടിരിക്കുന്നതു"; അതിന്റെ പാരമ്പര്യം എന്താണു്; ഇതെല്ലാം ശരിയായവിധത്തിൽ മനസ്സിലാക്കാതെ അതിനെ സംബന്ധിച്ചു് ഒരു ഓർഡർ പാസ്സാക്കുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കെ. ഡീവർ: നോൺ-വെജിറ്റേറിയൻ കിച്ചനെന്നും, വെജിറ്റബിൾ കിച്ചനെന്നും പറയുന്നതു് ആക്കെല്ലാംവേണ്ടി ഉപയോഗിക്കുന്നതിനാണോ?

റാവു ബഹദൂർ ടി. കെ. നായർ: അങ്ങിനെയില്ലെന്നു് ഇവിടെ ബോദ്ധ്യപ്പെടുത്തിക്കഴിഞ്ഞു. അഥവാ അങ്ങിനെയുണ്ടെന്നുവന്നാൽ അതു ശരിയാക്കുവാനും വിരോധമില്ല.

Mr. President: Order, order, there is no discussion on this matter now.

മിസ്റ്റർ പി. കെ. ഡീവർ: മിസ്റ്റർ, പ്രസിഡണ്ടു് സർ, ബഡ്ജറ്റിനെക്കുറിച്ചുള്ള സാമാന്യ വിമർശനത്തിനുള്ള ഈ അവസരത്തിൽ നമ്മുടെ മുമ്പിൽ സമർപ്പിച്ചിട്ടുള്ള ബഡ്ജറ്റിലെ സംഖ്യകളെക്കുറിച്ചു എന്തെങ്കിലും പറയണമെന്ന ഉദ്ദേശത്തോടുകൂടിയല്ല ഞാനിവിടെ എഴുന്നേറ്റു നില്ക്കുന്നതു്. രണ്ടു നൂറ്റാണ്ടോളം വിദേശാധിപത്യത്തിൽ കിടന്നു നരകയാതനയനുഭവിച്ചിരുന്ന ഭാരതം ഇതാ ഏതാനും ദിവസങ്ങൾക്കകത്തു സ്വതന്ത്രമാകാൻ പോവുകയാണു്. അടുത്ത ഏതാനും ദിവസങ്ങൾക്കുള്ളിൽ, ആഗസ്റ്റ് ഫിഫ്റ്റീൻ- വിദേശാധിപത്യം പരിപൂർണ്ണമായും ഇന്ത്യയിൽനിന്നും തിരോധാനം ചെയ്യപ്പെടും.—ഇന്ത്യയുടെ ഭാഗധേയം ഇന്ത്യയിലെ ജനങ്ങളുടെ കയ്യിലേക്കു—ഇന്ത്യക്കാരുടെ പൂർണ്ണമായ നിയന്ത്രണത്തിനു് വിധേയമാവുന്ന ആ സുദിനത്തെ ഏവരും അത്യാകാംക്ഷയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരവസരത്തിലാണു് നാം കൊച്ചിയുടെ ഫ ഫ വസ്-ലെ ബഡ്ജറ്റിനെപ്പറ്റി പര്യാലോചിക്കുന്നതിനായി ഇവിടെ കൂടിയിരിക്കുന്നതു്. ജനങ്ങളുടെ അഭിലാഷങ്ങളേയും അതിപ്രധാനങ്ങളായ ആവശ്യങ്ങളേയും ഗവമ്മെണ്ടിന്റെയും മഹാരാജാവിന്റെയും ശ്രദ്ധയിൽ വിശ്വസ്തമാക്കുവാൻ ബഡ്ജറ്റവിമർശനവേളയെ ഉപയോഗിക്കുക എന്ന പതിവു് ഇവിടെ നടപ്പുള്ള ഒരേർപ്പാടാണു്. ആ കീഴ്നടപടിയെ ആദരിച്ചും അനുസരിച്ചും രണ്ടുവാക്കു സംസാരിക്കുവാനാണു ഞാനും ഇന്നിവിടെ ഉദ്ദേശിക്കുന്നതു്. സർ, കഴിഞ്ഞ കൺവെൻഷനിൽ നാമിവിടെ സമ്മേളിച്ച അവസരത്തിൽ ഉണ്ടായ സംഭവഗതികളെ ഞാനിവിടെ ആവർത്തിച്ചു ഉദ്ഘോഷിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. നമ്മുടെ മഹാരാജാവു നിയമസഭക്കു് അന്നയച്ച സന്ദേശത്തിൽ ഭരണാധികാരം പരിപൂർണ്ണമായും ജനഹസ്തങ്ങളിലേക്കു അചിരേണ കൈമാറുന്നതിനുള്ള സമ്മതത്തെ പ്രകാശിപ്പിച്ചിരുന്നു. അതനുസരിച്ചു കൊച്ചിക്കു ഒരു ഭരണഘടന തയ്യാറാക്കുവാനായി ഒരു ഭരണഘടനോപദേശകസമിതിയെ ഏർപ്പെടുത്തുകയും, ആ ഉപദേശകസമിതിയിലേക്കുള്ള ഭൂരിപക്ഷം അംഗങ്ങളേയും തിരഞ്ഞെടുക്കാനുള്ള അവകാശം നിയമസഭക്കു

LIBRARY ARCHIVES Kerala Legislative Assembly

വിട്ടുകൊടുക്കുകയും ചെയ്യ. ക്രടാതെ ധനകാര്യവും നിയമസമാധാനവും ഒഴികെയുള്ള വക
ുപ്പുകളുടെ ഭരണം നിയമസഭക്കു വിട്ടുകൊടുക്കുവാനും മഹാരാജാവു സന്നദ്ധമായി. അതി
ന്റെ ഫലമായി പരിപൂർണ്ണ തൃപ്തിയോടുകൂടിയല്ലെങ്കിലും ഈ സഭയിലെ സംയുക്തകക്ഷി
മന്ത്രിഭരണം ഏറ്റെടുക്കുകയും ചെയ്യ. തികച്ചും ജനകീയഭരണസംസ്ഥാപനത്തിനും ആവ
ശ്യമായ "കൺവെൻഷൻസ്" സ്ഥാപിച്ചും ഉത്തരവാദഭരണത്തിന്റെ പുരോഗതിയെ ത്വരി
തപ്പെടുത്തുവാനും ടൈനംദിന ഭരണത്തിൽ ജനാഭിലാഷത്തെ ഒട്ടൊക്കെ സാധിപ്പിക്കുവാ
നും കഴിയുമെന്നുള്ള പ്രതീക്ഷയോടുകൂടിയാണ് സംയുക്തകക്ഷി മന്ത്രിസ്ഥാനം ഏറ്റെടുത്തത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഈ പ്രതീക്ഷകൾ അസ്ഥാനത്തായി എന്നു ഞങ്ങൾക്കു വി
ശ്വാസമില്ല. ഒരു ക്യാബിനറ്റ് ഭരണസമ്പ്രദായം നടപ്പാവുകയും പൊതുസമ്മതംകൊണ്ട്
ജനങ്ങളുടെ വിശ്വാസബഹുമാനങ്ങൾ സമാർജ്ജിച്ച ജനനേതാക്കന്മാർ മന്ത്രിസ്ഥാനത്തിൽ
വരികയും ചെയ്തതോടുകൂടി ജനങ്ങളുടെ ഇടയിൽ വലിയ പ്രതീക്ഷകളും വളർന്നുവന്നു. ഈ
പ്രതീക്ഷകളെ മുഴുവൻ സാധിപ്പിച്ചുകൊടുക്കുവാൻ ക്യാബിനറ്റ് ഭരണസമ്പ്രദായം നടപ്പിലുണ്ടാ
യിട്ടും നമ്മുടെ മന്ത്രിമാക്കു സാധിച്ചിട്ടില്ല എന്നതു പരമാർത്ഥമാണ്. എന്നാൽ ഇന്നത്തെ കൂട്ട
കക്ഷി അധികാരത്തിൽ വന്നതിനുശേഷം ജനാഭിലാഷങ്ങളെ മാനിച്ചും നാട്ടാരുടെ നന്മയെ
മുൻനിർത്തിയും പലതും ചെയ്തിട്ടുണ്ടെന്നും മുമ്പിലത്തേതിൽനിന്നു വളരെ ഭേദപ്പെട്ട ഒരു നില
രാജ്യത്തു ഉണ്ടായിട്ടുണ്ടെന്നും ഉള്ള സംഗതി മറച്ചുവക്കുവാൻ ആരംഭത്തന്നെ എത്ര ശ്രമിച്ചാലും
സാധിക്കുന്നതല്ല. ഒരു കാര്യം തീർച്ചയാണ്. ഇന്നത്തെ ഭരണസമ്പ്രദായം നിലവിലിരിക്കുന്നിട
ത്തോളംകാലം ജനങ്ങളുടെ പ്രതീക്ഷകൾ മുഴുവൻ നിറവേറ്റപ്പെടുകയില്ലെന്നതാണ് അതു. ക്യാബിനറ്റ് ഭരണസമ്പ്രദായം ഏർപ്പെടുത്തപ്പെട്ടിട്ടുണ്ടെങ്കിലും, നയ
രൂപീകരണത്തിലും മറ്റും മന്ത്രിമാക്കു സാരമായ പങ്കും നിയന്ത്രണാധികാരവും ചെലുത്താൻ
കഴിയുമെന്നുണ്ടെങ്കിലും കൊച്ചിയിലെ ഭരണപരിഷ്കാരംകൊണ്ടുണ്ടായ ശതമാനവും ഉത്തരവാദ
ഭരണം ലഭിച്ചുകഴിഞ്ഞുവെന്ന നമുക്കവകാശപ്പെടാമെന്നിരുന്നാലും കൊച്ചിയിൽ ഇന്നു നി
ലവിലുള്ള ഭരണം ദ്വിഭരണം അഥവാ "ഡയാക്കി"യാണെന്ന സംഗതി നമുക്കു വിസ്മരി
ക്കാവുന്നതല്ല. എത്രതന്നെ മെച്ചങ്ങളുണ്ടെങ്കിലും ഡയാക്കി ഒരു വിലക്ഷണമായ ഭരണ
സമ്പ്രദായമാണെന്നും അതിനു പല പരിമിതികളും പോരായ്മകളും ഉണ്ടെന്നുമുള്ള സംഗതി
നിർവ്വിവാദമാണ്. സർവ്വസമ്മതമായിട്ടുള്ള ഒരു പരമാർത്ഥമാണ്. അപ്രകാരമുള്ള ഒരു വി
കലമായ ഭരണസമ്പ്രദായം നിലനില്ക്കുന്നിടത്തോളം കാലം ജനാഭിലാഷങ്ങൾ നാം ആഗ്ര
ഹിക്കുന്നവിധത്തിൽ നിറവേറ്റപ്പെടുക സാദ്ധ്യമല്ല; ജനങ്ങളുടെ പ്രതീക്ഷകളും അത്യവേഗ
ത്തിൽ നിറവേറ്റപ്പെടുകയില്ല. കൊച്ചിയിലെ ജനങ്ങളുടെ അഭിലാഷം ഭരണാധികാരം തി
കച്ചും ജനങ്ങളിലേക്കു കൈമാറ്റം ചെയ്യപ്പെടണമെന്നുള്ളതാണ്. അപ്രകാരം ചെയ്യാൻ
മഹാരാജാവു സമ്മതിച്ചിട്ടുള്ളതാണ്. ഭരണഘടനോപദേശകസമിതി ഒരു ഭരണഘടന ത
യ്യാറാക്കി മഹാരാജാവിനു സമർപ്പിക്കപ്പെട്ടു കഴിഞ്ഞാൽ പ്രായപൂർത്തി വോട്ടോടുകൂടിയ തി
രഞ്ഞെടുപ്പും അധികാരകൈമാറ്റവും ഉണ്ടാകുമെന്ന തീർച്ചയായി കഴിഞ്ഞിട്ടുണ്ട്. എ
ന്നാൽ അതിനു ഇനിയും കുറെ കാലതാമസം വേണ്ടിവരും. ഇന്ത്യൻ കോൺസ്റ്റിറ്റ്യുവന്റ്
അസംബ്ലി ഇന്ത്യയുടെ ഭരണഘടന തയ്യാറാക്കിയശേഷം ഫെഡറൽ ജൂണിലാണ് ഭരണാ
ധികാരം പരിപൂർണ്ണമായി ഇന്ത്യൻ ജനങ്ങളിലേക്കു വിട്ടുകൊടുത്തിട്ടു ബ്രിട്ടൺ ഇന്ത്യവിടാൻ
തീരുമാനിച്ചിരുന്നുതെന്നു നമുക്കെല്ലാവർക്കും അറിയാം. കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി ഭ
രണഘടന തയ്യാറാക്കിവരുന്നതേയുള്ളു. ഫെഡറൽ ജൂൺ ആവാൻ ഇനിയുമാണ്ടുകൾ പ
ലതുണ്ട്. എങ്കിലും ഇന്ത്യഭരിക്കുന്നതിനുള്ള സകലഭാരവും ബ്രിട്ടൻ ഫെഡറൽ ആഗസ്റ്റ്
ഫിഫ്റ്റീൻ-തന്നെ ഇന്ത്യക്കാർക്കു വിട്ടുകൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്ന ഈ അവസര
ത്തിൽ ഇന്ത്യയും നമ്മുടെ കൊച്ചിഅടക്കമുള്ള മറ്റു നാട്ടുരാജ്യങ്ങളും ബ്രിട്ടന്റെ ആധിപ
ത്യത്തിൽനിന്നും സ്വതന്ത്രമാകുന്ന ഈ ശുഭാവസരത്തിൽ കൊച്ചിരാജ്യത്തിന്റെ ഭരണാധി
കാരം മുഴുവനും, മഹാരാജാവിന്റെ പരമാധികാരത്തിനു വിധേയമായിതന്നെ ജനപ്രതിനി
ധികളുടെതായ ഈ നിയമസഭക്കു വിട്ടുകിട്ടണമെന്നു ന്യായമായി അഭ്യർത്ഥിക്കാവുന്നതാ
ണ്. ഇന്നത്തെ വിലക്ഷണമായ ദ്വിഭരണ സമ്പ്രദായം ഇങ്ങിനെ അവസാനിപ്പിച്ചു ആ
ഗസ്റ്റ് ഫിഫ്റ്റീൻ-യോടുകൂടിതന്നെ ഉടനടിയും പരിപൂർണ്ണമായ ഉത്തരവാദഭരണം സ്ഥാപി
ക്കണമെന്നു ഈ സഭവഴി മഹാരാജാവിനോടപേക്ഷിക്കുവാൻ ഞാൻ ഈ അവസരം വി
നിയോഗിച്ചുകൊള്ളുന്നു. ഉത്തരവാദഭരണത്തിലേക്കുള്ള പ്രയാണത്തിൽ ഇന്ത്യയിലെ മറ്റു
നാട്ടുരാജ്യങ്ങൾക്കു മാതൃകയായി നിന്നിട്ടുള്ള കൊച്ചിരാജ്യം ഈ ഒരു വിഷയത്തിലും ഇന്ത്യ
യിലെ മറ്റു നാട്ടുരാജ്യങ്ങൾക്കു മാതൃകയായി തീരേണ്ടതാണെന്നാണ് എന്റെ അപേക്ഷ. അ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Dewer]

ങ്ങിനെ ചെയ്യുന്നതിൽ യാതൊരു അസാംഗത്യവുമില്ലെന്നും ഞാൻ വിശ്വസിക്കുന്നു. എന്റെ ഈ അഭ്യർത്ഥനയിൽ ഈ സഭയിലെ എല്ലാ അംഗങ്ങളും ഈ രാജ്യവാസികളും ആകമാനവും യോജിക്കുമെന്നു എനിക്കു വിശ്വാസമുണ്ട്. ഇതിനു ഒരു പൂർവ്വപക്ഷം ഉണ്ടാകാനിടയുള്ളതു ഞാൻ ഓർക്കായ്കയല്ല. ൯൦ ശതമാനവും ഉത്തരവാദഭരണം കിട്ടിയെന്നും ബാക്കിയുള്ളതു ഭരണഘടനോപദേശകസമിതിയുടെ റിപ്പോർട്ടിനുശേഷം കിട്ടുമെന്നും ഉള്ള സംതൃപ്തിയോടുകൂടി മന്ത്രിസ്ഥാനം ഏറെറടുത്തകക്ഷി, ഇന്നത്തെ ഭരണ സമ്പ്രദായം ദ്വിഭരണമാണെന്നും അതിനുവളരെ പരിമിതികളും വൈകല്യങ്ങളും ഉണ്ടെന്നും പറയുന്നതിൽ വല്ല അർത്ഥവുമുണ്ടോ എന്നുള്ളചോദ്യം ചിലരിൽനിന്നു ഒരു പക്ഷെ പുറപ്പെട്ടുകാം. അതുകൊണ്ടാണു ഞാൻ ബ്രിട്ടീഷിന്ത്യയിലെ സ്ഥിതി വിവരിച്ചതു. സാധാരണഗതിയിൽ ഭരണഘടനോപദേശകസമിതിയുടെ റിപ്പോർട്ടും അടുത്ത തിരഞ്ഞെടുപ്പുംവരെ ഈ നില തുടർന്നുകൊണ്ടു പോകുവാൻ നമ്മെപോലെ സമ്മതമാകുമായിരുന്നു. എന്നാൽ ഇന്നത്തെ ഇന്ത്യയിലെ സംഭവവികാസങ്ങളും മൂലം ഇന്ത്യയുടെ ഭരണഭാരം ബ്രിട്ടൻ ഇന്ത്യക്കാരെതന്നെ ഏല്പിച്ചു ആഗസ്റ്റ് ൧൫-൦൦-നു പിന്മാറുകയാണു. ബ്രിട്ടീഷിന്ത്യയിലെ സഹോദരന്മാർക്കു തങ്ങളെ ഭരിക്കുവാനുള്ള അവകാശം തങ്ങൾക്കുതന്നെയായി കിട്ടുമ്പോൾ ആ അധികാരം കൊച്ചിയിലുള്ള ജനങ്ങൾ, കൊച്ചിയിൽ തങ്ങൾക്കും വേണമെന്നു ആഗ്രഹിക്കുന്നതു ന്യായംമാത്രമാണു. ഭരണാധികാരം മുഴുവനായും ഈ നിയമസഭയ്ക്കു വിട്ടുകിട്ടുന്നപക്ഷം ഇന്നത്തേക്കാൾ കൂടുതലായും എളുപ്പമായും ജനാഭിലാഷങ്ങളെ സാധിപ്പിക്കുവാനും ജനക്ഷേമം വളർത്തുവാനും സാധിക്കുമെന്നുള്ളതു നിർവ്വിവാദമാണു. അതുകൊണ്ടാണു ഈ സഭവഴി ഭരണാധികാരം മുഴുവനും ആഗസ്റ്റ് ൧൫-൦൦-കൂടിതന്നെ ഈ നിയമസഭക്കു വിട്ടുകൊടുക്കണമെന്നു മഹാരാജാവിനോടപേക്ഷിക്കാൻ ഞാൻ ഈ സന്ദർഭം വിനിയോഗിച്ചതു. കൊച്ചിയാണു ഭരണപരിഷ്കാരത്തിൽ മറെറ നാട്ടുരാജ്യങ്ങൾക്കു മാതൃകയായി നില്ക്കുന്നതു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഉള്ളുകള്ളി അറിയാത്തതുകൊണ്ടാണു.

മിസ്റ്റർ പി. കെ. ഡീവർ: ഉള്ളുകള്ളി അറിഞ്ഞുകൊണ്ടുതന്നെയാണു പറയുന്നതു. മെമ്പർ അറിയുന്ന ഉള്ളുകള്ളി എന്താണെന്നു എനിക്കറിയില്ല. മറെറ പലനാട്ടുരാജ്യങ്ങൾക്കും ഭരണപരിഷ്കാരത്തിൽ കൊച്ചി മാതൃകയായി നിന്നിട്ടുണ്ടെന്നു സംഗതി പ്രസിദ്ധമാണു. നമ്മുടെ കൊച്ചിരാജ്യം ഇന്ത്യൻ യൂണിയനിൽ ചേരേണ്ടതാണെന്നു മുമ്പുതന്നെ നമ്മുടെ മഹാരാജാവു അഭിപ്രായപ്പെട്ടിട്ടുള്ളതാണു. ഇന്ത്യൻയൂണിയനിൽ ചേരുന്ന കൊച്ചിയിലും അതിലെമറെറഘടകങ്ങളെപ്പോലെതന്നെ പരിപൂർണ്ണമായ ജനകീയഭരണം ഏർപ്പെടുത്തേണ്ടതു അടിയന്തിരമായ ആവശ്യമാണു. അതിനാൽ ഈ സഭവഴി ഈ രാജ്യത്തിലെ ജനങ്ങളുടെ പേരിൽ ആഗസ്റ്റ് ൧൫-൦൦-തന്നെ കൊച്ചിയിലും ഭരണാധികാരം ജനങ്ങളിലേക്കു കൈമാറണം ചെയ്യണമെന്നു മഹാരാജാവിനോടു ഞാൻ ആവർത്തിച്ചാവർത്തിച്ചുപേക്ഷിക്കുന്നു.

സർ, ബഡ്ഡറിനെപ്പററി ഇന്നിവിടെ പലവിധത്തിലുള്ള വിമർശനങ്ങളും നടക്കുകയുണ്ടായി. ഒരു മിച്ചമുണ്ടാക്കിയതു തെററിപ്പോയി എന്നൊരു കുട്ടർ! ഇതിൽ വിശേഷവിധിയായി ഒന്നുമില്ല; പണ്ടത്തെപ്പോലെതന്നെയുള്ള ഒരു ബഡ്ഡറാണെന്നു വേറൊരു കൂട്ടർ. ഈ രാജ്യത്തിലെ ജനങ്ങളുടെ അഭിലാഷങ്ങളെല്ലാം മറെറടുത്തു സാധിപ്പിക്കുന്നതിനുള്ളതെല്ലാം ഈ ബഡ്ഡറിലില്ലെന്നതന്നെയാണു എന്റെയും അഭിപ്രായം. ജനകീയനേതാക്കന്മാർ, ജനപ്രതിനിധികളെന്ന നിലയിൽ ഭരണാധികാരത്തിൽ വന്നിട്ടുള്ളതുകൊണ്ടു ജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും പതിന്മടങ്ങു വർദ്ധിച്ചിട്ടുണ്ടു. നാട്ടിൽനിന്നു ദാരിദ്ര്യവും തൊഴിലില്ലായ്മയും നിർമ്മൂലനം ഉടനടി നിർവ്വഹിക്കണം എന്നവർ ആഗ്രഹിക്കുന്നു. വ്യവസായത്തിലുള്ള വ്യവസായങ്ങൾ രാജ്യത്തു വളർന്നുവരണം. കൃഷിസമ്പ്രദായത്തിൽ വിപ്ലവകരമായ മാറെറങ്ങൾ വരണം. അങ്ങിനെ നാടിന്റെ വിഭവസമ്പത്തു വളർന്നു സാമ്പത്തികസ്ഥിതി ഉയരണം. ഇതെല്ലാം ന്യായമായ പ്രതീക്ഷകളാണു. സർ, ഞാൻ മുൻസൂചിപ്പിച്ച പരിമിതികളിൽക്കൂടി പ്രവർത്തിക്കുന്ന മന്ത്രിസഭയ്ക്കു ഈ ആവശ്യങ്ങൾ എല്ലാം ഉടനടി സാധിപ്പിച്ചു കൊടുക്കുവാൻ കഴിയുകയില്ലെന്നു ആർക്കാണു അറിയാൻ പാടില്ലാത്തതു? നമ്മുടെ സാമൂഹ്യസ്ഥിതിഗതികളിലും ജനങ്ങളുടെ വീക്ഷണപഥത്തിലുംതന്നെ വലുതായ മാറെറങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. വ്യാവസായികമായ വളർച്ചയ്ക്കു (cheap electricity) ചുരുങ്ങിയ ചിലവിൽ വിദ്യുച്ഛക്തി ലഭിക്കേണ്ടതു ഒഴിച്ചുകൂടാത്ത ഒരു സംഗതിയാണു. നമ്മുടെ ഹൈഡ്രോ എലക്ട്രിക്കു സ്റ്റീം എന്നിയോ മുമ്പെ നടക്കേണ്ടതായിരുന്നു. ഇപ്പോഴെ അതാരംഭിച്ചിട്ടുള്ളു. അതിന്റെ പൂർത്തീകരണത്തിനുശേഷം മാത്രമെ വൻകിട വ്യവസായങ്ങൾ നടപ്പാക്കാൻ സാദ്ധ്യമാക

LIBRARY ARCHIVES Kerala Legislative Assembly

യുള്ള. മന്ത്രികക്ഷിയെ രക്ഷപ്പിക്കുവാൻ ഏതു സന്ദർഭവും പാഴാക്കാതിരിക്കുന്നതിൽ പ്രത്യേകം ശ്രദ്ധയുള്ള അളുകൾ മന്ത്രികക്ഷിയ്ക്കെതിരായി പ്രചരണം നടത്തുമ്പോൾ നാടിന്റെ പൊതുവായ നന്മയേയും രക്ഷയേയും വിസ്മരിക്കുന്നതു വ്യക്തമാണ്. ഈ രാജ്യത്തിന്നു വലിയൊരു നിർഭാഗ്യമാണതു്. എന്തു ദുഷ്പ്രചരണം നടത്തിയും അധികാരത്തിലിരിക്കുന്നവരെ തകിടം മറിയ്ക്കണമെന്നേ അവർക്കാഗ്രഹമുള്ളു. രാജ്യത്തിൽ അസമാധാനമുണ്ടായാലും തരക്കേടില്ല; രാജ്യരക്ഷ അപകടത്തിലായാലും തരക്കേടില്ല; ജീവനും ശരീരവും അപായം നേരിടാതെ കഴിഞ്ഞു പോകുവാനുള്ള അവസ്ഥ വന്നുചേരുമ്പോഴും, ആ ദുസ്ഥിതിയെ ധീരതയോടും കാര്യക്ഷമമായും നേരിടുന്നതിനും ഗവൺമെണ്ടു എടുക്കുന്ന നടപടികളിൽ സഹകരിക്കാതെ രാജ്യത്തിന്റെ പൊതുവായ താല്പര്യത്തെ വിസ്മരിച്ചും മന്ത്രിമാരെ അധിക്ഷേപിക്കാൻ ആ മാതിരി സന്ദർഭങ്ങളെ ആക്രാന്തത്തോടുകൂടി കടന്നുപിടിക്കുന്ന ദുർഗ്ഗുണകരമായ ഒരവസ്ഥയാണു് നാമിന്നു കാണുന്നതു്. ജനകീയഭരണം നമ്മുടെ രാജ്യത്തു പുത്തനാണു്. ജനകീയഭരണത്തിൽ നാം കുറെക്കൂടി പുരോഗമിച്ചുകഴിയുമ്പോൾ ഒരുപക്ഷെ ജനകീയ ഭരണം നടപ്പിലിരിക്കുന്ന രാജ്യങ്ങളിലെപ്പോലെ നമ്മുടെ രാജ്യത്തിലും രാജ്യത്തിന്റെ പൊതു താല്പര്യങ്ങൾ വരുമ്പോൾ ഭരണാധികാരത്തിലിരിക്കുന്ന കക്ഷിയുമായി സഹകരിക്കുവാൻ പ്രതിപക്ഷവും പഠിക്കാതിരിക്കയില്ലെന്നു നമുക്കു വിശ്വസിക്കാവുന്നതാണു്. ഇന്നത്തെ മന്ത്രിഭരണത്തെ തകിടംമറിച്ചു താഴെ ഇടുവാൻ വെമ്പുന്നവർ ഒരു വലിയ തെറ്റിദ്ധാരണയാൽ കഴിഞ്ഞുകൂടുകയാണു് എന്നു തോന്നുന്നു. ജനങ്ങൾ തങ്ങളുടെ അഭിലാഷങ്ങൾ വേഗം സാധിച്ചു കിട്ടാത്തതിൽ അസംതൃപ്തി പ്രദർശിപ്പിക്കുമ്പോൾ, അതു ഇന്നത്തെ മന്ത്രിമാരായ അവരുടെ നേതാക്കന്മാരിലുള്ള അവിശ്വാസവും അമർഷവും കൊണ്ടാണെന്നു തെറ്റിദ്ധരിച്ചാണു് മന്ത്രിമാരെപ്പറ്റി എന്നും തെറ്റിദ്ധാരണ പരത്തുവാൻ ചില സ്ഥാനങ്ങൾ വല്ലാതെ ഉത്സാഹിച്ചുകൊണ്ടിരിക്കുന്നതു്. ഈ രാജ്യത്തെ ജനങ്ങൾക്കു ആരാണു് അവരുടെ താല്പര്യത്തെ രക്ഷിക്കുവാൻ കെൽപും സന്നദ്ധതയും ഉള്ളവരെന്നു നല്ലവണ്ണം അറിയാം. ചിലർ മനഃപൂർവ്വം പരത്തുന്ന ദുഷ്പ്രചരണങ്ങൾകൊണ്ടൊന്നും ജനങ്ങൾക്കു അവരുടെ നേതാക്കന്മാരിലുള്ള മതിപ്പോ വിശ്വാസമോ കെട്ടുപോയിട്ടില്ല. ജനങ്ങൾ അസ്വാസ്ഥ്യം കാണിക്കുന്നുണ്ടെങ്കിൽ അവരുടെ ആവശ്യങ്ങൾ, മന്ത്രിമാർ ഇന്നു പ്രവർത്തിക്കുന്ന പരിമിതികൾമൂലം സാധിച്ചു കിട്ടുന്നതിനുള്ള കാലതാമസത്തിലുള്ള അസംതൃപ്തി മാത്രമാണു്. സർ, മന്ത്രിമാർ അവരുടെ ചിലവിനു പോരാതെവന്നതുമൂലം പുതിയ നികുതികൾ ചുമത്തുന്നു എന്നു പറയുന്നവർതന്നെ ബഡ്ജറ്റിൽ ചിലവിനങ്ങൾക്കു് വകകൊള്ളിച്ചതു പോരെന്നു ആക്ഷേപിക്കുന്നതിൽ അത്ഭുതപ്പെടാതെ തരമില്ല. ഈ ആക്ഷേപങ്ങളുടെ അടിയിൽ എന്താണു കിടക്കുന്നതെന്നു കാണാൻ പ്രയാസമില്ല. മന്ത്രിമാരുടെ ശമ്പളം തുച്ഛമായ അഞ്ഞൂറുരൂപാ മാത്രമാണെങ്കിലും അലവൻസും മറ്റു ഇനങ്ങളുമൊക്കെയായി ൨,൦൦൦ രൂപായിൽ കുറയാതെ അവർക്കു കിട്ടുമെന്നു ആരോ ഇവിടെ തലപുണ്ണാക്കി കണക്കുകൂട്ടുന്നതു കേട്ടു. അത്ഭുതമല്ലേ അവർ അകാരണമായും അന്യായമായും മന്ത്രിമാരെപ്പറ്റി ആക്ഷേപങ്ങളും അപരാധങ്ങളും പറഞ്ഞു പരത്തുന്നതു്.? ശമ്പളം തുച്ഛമായ അഞ്ഞൂറുരൂപാ മാത്രമാണെങ്കിലും ൨,൦൦൦-ൽപരം രൂപാ മൊത്തത്തിൽ വരുമാനം ഉണ്ടാകുമെന്നു് കിണഞ്ഞു കണ്ടുപിടിക്കുന്നവർ ആ സ്ഥാനം സദാ സ്വപ്നംകണ്ടുകൊണ്ടിരിക്കുകയും അതിന്നായി ഏതു മാർഗ്ഗവും നിഷിദ്ധമല്ലെന്നു കരുതി പ്രവർത്തിക്കുകയും ചെയ്യുന്നുവെങ്കിൽ അവരെ പഴിച്ചിട്ടെന്താണു കാര്യം?

സർ, രാജ്യത്തിന്റെ പ്രധാനആവശ്യങ്ങൾക്കു വക കാണാതെ വരവിനകത്തു ചിലവൊതുക്കുന്ന ഒരു യാഥാസ്ഥിതിക ബഡ്ജറാണിതെന്നു് അപലപിച്ച ഒരു മെമ്പർ അതേ ശ്വാസത്തിൽതന്നെ ചിലവിനു വരുമാനം പോരാതെ വന്നതിനാൽ റവന്യൂ റിസർവ്വ് ഫണ്ടിൽ നിന്നു കുറെ വായ്പയെടുത്തുവെന്നു മന്ത്രിമാരെ കുറ്റപ്പെടുത്തുന്നതും കേട്ടു. മന്ത്രിമാരെ എങ്ങിനെയും അധിക്ഷേപിക്കാൻവേണ്ടി ഈ മാതിരി കലഹവാദങ്ങൾ കൊണ്ടുവന്ന ആ ബഹുമാന്യ സ്നേഹിതൻ, സ്വന്തം ബുദ്ധിശക്തികൊണ്ടു സ്വയം ആലോചിച്ചു പറയുന്നതാണോ അവ എന്നു ഞാൻ സംശയിക്കുന്നു. ആരാന്റേയും വാദങ്ങൾ ഏറെപറയുന്നവർക്കു് പല പ്പോഴും ഈ മാതിരി അബദ്ധങ്ങൾ പറ്റാറുണ്ടു്. നാം വായിച്ചു കൂട്ടുകയോ പറഞ്ഞുകൂട്ടുകയോ ചെയ്യുന്ന സംഗതികൾ, അതു പുറത്തു പ്രയോഗിക്കുമ്പോൾ വിട്ടുനിൽക്കേണ്ടിടത്തോളം വിവേകത്തോടുകൂടി ആലോചിച്ചിരുന്നുവെങ്കിൽ അവർക്കു ഇങ്ങിനെ ആക്ഷേപിക്കേണ്ടി ഈ മാതിരി അപഹാസ്യമായ നില സ്വീകരിക്കേണ്ടിവരുമായിരുന്നില്ല എന്നു സ്നേഹപൂർവ്വം പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവരെപ്പറ്റി നമുക്കു തീർച്ചയായും അനുകമ്പയുണ്ടാകേണ്ട

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Dewer]

താകുന്നു. സർ, ജനങ്ങളുടെ ആവശ്യത്തെ മുൻനിറുത്തിയുള്ള ഒരു ബഡ്ജറ്റുണ്ടാക്കാതെ പഴയ രീതിയിൽ വരവിനകത്തു ചിലവു ഒതുക്കി നിറുത്തുന്ന ഒരു ബഡ്ജറാണു് നമ്മുടെ മന്ത്രിമാർ ഈ പ്രാവശ്യം തയ്യാറാക്കിയിരുന്നതെങ്കിൽ തീച്ചയായും ഈ ബഡ്ജറു ഇങ്ങിനെയാകുമായിരുന്നില്ല. ജനകീയാവശ്യങ്ങൾ സാധിക്കാൻ സാമാന്യമായ വരവു പോരാതെ വന്നതുകൊണ്ടു അവർ രാജ്യത്തിന്റെ പൊതു താല്പര്യത്തെ മുൻനിറുത്തി ചിലവു നികത്താൻ പുതിയ നികുതികൾ ഏർപ്പെടുത്തുന്നതിനു തീരുമാനിക്കുകയും റിസർവ്വ് ഫണ്ടിൽനിന്നും മറ്റും തുകകൾ എടുക്കുവാനും നിർബ്ബന്ധിതരായി. വരവിനകത്തു ചിലവൊതുക്കുന്ന പഴയ രീതിയിലുള്ള യാഥാസ്ഥിതിക ബഡ്ജറായിരുന്നുവെങ്കിൽ ചിലവിനത്തിൽ ൭൦ ലക്ഷം ഉറപ്പികയോളമെങ്കിലും കുറവു കാണുമായിരുന്നു. അതുകണ്ടു ജനക്ഷേമകരങ്ങളായ കാര്യങ്ങൾ വേണ്ടെന്നു വയ്ക്കുകയും ചെയ്യുമായിരുന്നു. രാജ്യത്തിന്റെ സുസ്ഥിതിക്കും പുരോഗതിയ്ക്കും ആവശ്യമായ കാര്യങ്ങൾക്കെല്ലാം വകകണ്ടുകൊണ്ടു് അതനുസരിച്ചു ആയവ്യയങ്ങൾ ശരിപ്പെടുത്തുക എന്ന പുരോഗമനപരവും ആധുനികവുമായ രീതിയെ കൃാബിനറു അവലംബിച്ചപ്പോൾ അതിനെയും അപലപിക്കുന്നവർ എങ്ങിനെയും കുറ്റം പറയണമെന്നു മോഹക്കാർ മാത്രമാണു്. എനിക്കു ഈ അവസരത്തിൽ ഗവൺമെണ്ടിനോടപേക്ഷിക്കുവാനുള്ളതു ബഡ്ജറിൽ വകകൊള്ളിച്ചിട്ടുള്ള ചിലവിനങ്ങളിൽ അടുത്തയാണ്ടിൽ മുഴുവനും ഏറ്റവും കാര്യക്ഷമമായവിധം ചിലവു ചെയ്യണമെന്നാണു്. പഴയ രീതിയിൽ വലിയ സംഖ്യകൾ ലാപ്സാകുന്ന സമ്പ്രദായം മന്ത്രിമാർ അവസാനിപ്പിച്ചില്ലെങ്കിൽ അവർ ജനങ്ങളോടും രാജ്യത്തോടുമുള്ള അവരുടെ ഉത്തരവാദം ശരിയായി നിവ്വഹിച്ചില്ല എന്നു അവരെ ഓർമ്മിപ്പിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു.

സർ, ധർമ്മസ്ഥാപനങ്ങളുടെ മിച്ചമുണ്ടാകുന്ന ആദായത്തിന്മേൽ നികുതി ചുമത്തുവാൻ ഗവൺമെണ്ടു തീരുമാനിച്ചതിനേയും, രാജ്യത്തിന്റെ പല ആവശ്യങ്ങൾക്കും ബഡ്ജറിൽ വകകൊള്ളിച്ചിട്ടില്ല. എന്നാക്ഷേപിക്കുന്ന ചിലർ അപലപിച്ചു കേട്ടതിൽ ഞാൻ വ്യസനിക്കുന്നു. ധർമ്മസ്ഥാപനങ്ങളുടെ വരവിൽ അവരുടെ ഓരോ ചിലവും കഴിച്ചു ബാക്കി നിക്ഷേപമായി വയ്ക്കുന്ന സംഖ്യമേൽ ഒരുനികുതി ചുമത്തുന്നതിൽ എന്താണു് ഒരു തെറ്റു എന്നു എനിക്കു മനസ്സിലാക്കുവാൻ വിഷമമായിരിക്കുന്നു. ഇതു ഏതെങ്കിലും പ്രത്യേക മതസ്ഥാപനങ്ങളെ ഉപദ്രവിക്കുവാൻ ചെയ്തതുമല്ല. ആദായനികുതി മതസ്ഥാപനങ്ങൾക്കും ബാധകമാക്കണമെന്ന നിർദ്ദേശം ആദ്യമായി ഗവൺമെണ്ടിനു ലഭിച്ചതു പ്രോഹിബിഷൻ (മദ്യവർജ്ജന) കമ്മിറ്റിയിൽനിന്നാണു എന്നു തോന്നുന്നു. ആ കമ്മിറ്റിയിലാകട്ടെ ഒരു ഒന്നാംതരം മതഭക്തയും ഉത്തമ കത്തോലിക്കാവനിതയും ആയ നമ്മുടെ ഡാക്ടർ മിസ്സിസ്സ് ഫ്രാൻസ്സിസ് ആശ്രുപാർശ ചെയ്ത മദ്യവർജ്ജനകമ്മിറ്റിയിലെ ഒരംഗമായിരുന്നു. അതുപോലെതന്നെ നമ്മുടെ പ്രസിദ്ധനായ ശ്രീമാൻ എൽ. എം. പൈലി, ശ്രീമാന്മാർ എ. എൽ. ജേക്കബ്, പി. വി. റാഫേൽ എന്നീ വിശിഷ്ട കത്തോലിക്കാമതക്ഷേത്രം അംഗങ്ങളായിരുന്നു. എന്റെ ഓർമ്മ ശരിയാണെങ്കിൽ കമ്മിറ്റി തെളിവെടുക്കുന്നതിന്നിടയിൽ ആദ്യമായി ഈ നികുതിക്കായ്മ ഉന്നയിച്ചതു ശ്രീമാൻ പി. വി. റാഫേലായിരുന്നു. നികുതികളെ സംബന്ധിച്ചിടത്തോളം കമ്മിറ്റിയുടെ റിപ്പോർട്ട് യോജിച്ചുള്ളതാണു്. മിസ്സിസ്സ് ഫ്രാൻസ്സിസ് പോലും ഈ നിർദ്ദേശത്തെ എതൃത്തിട്ടില്ല. സർ, പുതിയ നികുതികളെ ഈ സ്ഥാപിത താല്പര്യക്കാരും അവരുടെ ഉച്ഛിഷ്ടങ്ങളായി പെരുമാറുന്നവരും എതൃക്കുക സാധാരണമാണു്. പാവങ്ങൾക്കവേണ്ടി മന്ത്രിസഭ ഒന്നും ചെയ്യുന്നില്ല എന്നു മുതലക്കണ്ണുനീർവാർക്കുന്നവർ പാവങ്ങൾക്കുകൂടിവേണ്ടി പാവങ്ങളല്ലാത്തവരിൽനിന്നു അവക്കു സഹിക്കാവുന്നതായ പുതിയ നികുതികൾ കൊണ്ടുവരുമ്പോൾ എതൃക്കുന്നതു സഹജമായ അവരുടെ പഴയരീതി അനുസരിച്ചുതന്നെയാണു്. സർ, അവർ അവരുടെ പ്രത്യേക താല്പര്യത്തിന്റെ പേരിൽ നികുതിയെ എതൃത്തുകൊള്ളട്ടെ. പാവങ്ങളുടെ പേർ പറയരുതെന്നാണു എന്റെ അപേക്ഷ. ഇത്തരം മുതലക്കണ്ണുനീരിൽ പാവങ്ങൾ നൃായമോഹിതരാവുന്ന കാലം കഴിഞ്ഞുപോയി എന്നു പാവങ്ങളുടെ പ്രാണരക്തത്തുകൊണ്ടു പങ്കുവീർത്തുന്ന പ്രഭുക്കന്മാർ മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സർ, ഉപ്പിനു വിലകൂടി എന്നു ചിലർ ഇവിടെ സൂചിപ്പിച്ചുകേട്ടു. ഉപ്പുനികുതി മാറിയപ്പോൾ ഉപ്പിന്റെ വില കുടുകയാണു ചെയ്തതു്. തീച്ചയായിട്ടും ഉപ്പുനികുതി മാറിയതു തെറ്റിപ്പോയി എന്നാണു എന്റെ അഭിപ്രായം. ആക്കും ഉപ്പുനികുതി—പാവപ്പെട്ടവക്കുപോലും—ഒരു ഭാരമായിരുന്നില്ല എന്നതാണു് പരമാർത്ഥം. സർ, സമയം അധികമായി. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റിസ്സ് ടി. ഫ്രാൻസിസ്: ഒരു സംഗതി പറയുവാനുണ്ട്. മദ്യവർജ്ജനക്കമ്മിറ്റി യിൽ ഈ സംഗതിയെപ്പറ്റി Discuss ചെയ്തിരുന്നു. പക്ഷെ, അതു പാസ്സായില്ല.

മിസ്റ്റർ പി കെ. ഡീവർ: റിപ്പോർട്ട് വായിച്ചുനോക്കുക. റിപ്പോർട്ടിലെ നിർദ്ദേശത്തെപ്പറ്റിയുള്ള ശുപാർശ ഏകകണ്ഠമാണെന്ന അപ്പോൾ മനസ്സിലാകും.

Mr. President: The Hon'ble Members may know that the Government may require atleast two hours for their replies so that the discussion on the budget will terminate at 3 O'clock-tomorrow.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: സർ, ജനകീയ മന്ത്രിമാർ കൊച്ചിരാജ്യത്തിൽ ഭരണമേറ്റെടുത്തതിനുശേഷം ഇതാദ്യത്തെ തവണയാണ് ബഡ്ജറവതരിപ്പിക്കുന്നതു്. ജനങ്ങൾ വളരെയധികം പ്രതീക്ഷയോടുകൂടി ഉറ്റുനോക്കിക്കൊണ്ടിരുന്ന ഒരു ബഡ്ജാറാണിതു്. ആ ഒരു വെളിച്ചത്തിൽ ഈ ബഡ്ജറിനെ വീക്ഷിക്കേണ്ടതു നമ്മുടെ എല്ലാവരുടേയും കടമയാണെന്നാണു ഞാൻ വിശ്വസിക്കുന്നതു്. ഈ ഒരു സ്ഥിതിയിൽ ജനകീയ മന്ത്രിമാരുടെ നേട്ടങ്ങൾ എന്തെല്ലാമാണെന്നു കണക്കാക്കേണ്ടിയിരിക്കുന്നു. കാണത്തക്കവിധത്തിൽ വമ്പിച്ച നേട്ടങ്ങളൊന്നുമുണ്ടായിട്ടില്ലെങ്കിൽ അതിൽ ആശ്ചര്യപ്പെടാനൊ നിരാശപ്പെടാനൊ ഇല്ലെന്നാണു് എനിക്കു പറയാനുള്ളതു്. ജനകീയ മന്ത്രിമാർ അന്നത്തെ ഭരണഘടനയനുസരിച്ചുള്ള ഭരണം നിലവിലുള്ളപ്പോഴാണു ഭരണമേറ്റെടുത്തിരിക്കുന്നതു്. അന്നത്തെപ്പോലെ ഇന്നും ഒരു ദിവാൻജിയുണ്ടെന്നുള്ളതു വാസ്തവമാണു്. അതിനോടനുബന്ധിച്ചു ചില ചിലവുകളും നിലനില്ക്കുന്നുണ്ടു്. എങ്കിലും ക്യാബിനറ്റുസമ്പ്രദായമുണ്ടു്. ദിവാൻ ഭരണത്തിന്റെ ദോഷവശങ്ങളിൽ മുക്കാലും ദൂരീകരിക്കാമെന്നല്ലാതെ ദിവാന്റെ കീഴിലുള്ള പ്രത്യേകങ്ങളായ വകുപ്പുകളിലെ പൂർണ്ണമായ നിയന്ത്രണം ജനകീയ ഹസ്തങ്ങളിലേക്കു് വരാതെ ഭരണം ശരിയായ നിലയിൽ നിർവ്വഹിക്കാൻ സാധ്യമല്ല എന്നുള്ളതു ജനങ്ങൾക്കറിയാം. ഇതു അറിഞ്ഞുകൊണ്ടുതന്നെയാണു് അവർക്കു ഭരണം കയ്യേല്പിക്കാൻ അനുവാദം കൊടുത്തിട്ടുള്ളതും. ഈ ബഡ്ജറ് സർപ്ലസ് ബഡ്ജറാണു്. രണ്ടുലക്ഷത്തിൽ ചിലപ്പോൾ കുറച്ചു മിച്ചമുണ്ടു്. എന്നാൽ വാസ്തവത്തിൽ ഇതു മിച്ചബഡ്ജറല്ലെന്നു നമ്മൾക്കറിയാം. ഏതൊരു രാജ്യത്തിന്റേയും ഉന്നമനത്തിനുവേണ്ടി ചില പദ്ധതികളുണ്ടാക്കുമ്പോൾ അതിനുവേണ്ട സംഖ്യകൂടി ഉണ്ടാക്കേണ്ടതു ഭരണാധികാരത്തിലിരിക്കുന്നവരുടെ ചുമതലയാണു്. രാഷ്ട്രത്തിനു ആവശ്യമായ ചിലവുകൾ തിട്ടപ്പെടുത്തിയതിനുശേഷം അതിനുള്ള സംഖ്യയെക്കുറിച്ചു മന്ത്രിമാർ ആലോചിക്കുകയും അപ്പോൾ വരവുസംഖ്യ പോരാത്തതുകൊണ്ടു് റിസർവ്വ് ഫണ്ടിൽനിന്നു ചിലവു ചെയ്യാൻ തീരുമാനിക്കയുമാണു ചെയ്യുന്നതു്. എന്നാൽ ഈ ബഡ്ജറിൽ ഒരു കോടി നാല്പത്തിയെട്ടിൽചിലപ്പോൾ ലക്ഷം രൂപ രാഷ്ട്രനിർമ്മാണത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ളതിൽ നമ്മൾ അഭിമാനം കൊള്ളുന്നതാണു്. പക്ഷെ, കഴിഞ്ഞകൊല്ലം കൂടുപ്പാടം സ്കീമിനു ൪ ലക്ഷം രൂപ കൊള്ളിച്ചിട്ടു വെറും ൪,൦൦൦ രൂപ ചിലവാക്കിയതുപോലെ ചെയ്യാതെ ഫർവ്വ ലക്ഷം രൂപ രാഷ്ട്രനിർമ്മാണത്തിനു നീക്കിവെച്ചിട്ടുള്ളതു മുഴുവനും ചിലവാക്കണമെന്നാണു എനിക്കു പറയാനുള്ളതു്.

സർ, ജനങ്ങൾ മറ്റൊന്നു പ്രതീക്ഷിച്ചിരുന്നതു് ജനകീയ മന്ത്രിമാരുടെ ഭരണം വന്നാൽ ഉടനെ വളരെ വമ്പിച്ച കാര്യങ്ങൾ ഇന്ദ്രജാലം പോലെ കുറച്ചു മാസങ്ങൾക്കുള്ളിൽ സംഭവിക്കുമെന്നുള്ളതാണു്. അങ്ങിനെ ജനങ്ങൾ പ്രതീക്ഷിച്ചിരുന്നു എങ്കിൽ അതിൽ തെറ്റില്ല. എത്രയോ കാലത്തെ അടിമത്വം അനുഭവിച്ചുശേഷം കുറച്ചു സ്വതന്ത്ര വായു ശ്വസിക്കുവാൻ സാധിച്ച പൊതുജനങ്ങൾ കുറച്ചധികം പ്രതീക്ഷിച്ചു പോയിട്ടുണ്ടെങ്കിൽ അതിൽ തെറ്റില്ല, അശ്ചര്യപ്പെടുവാനില്ല. എന്നാൽ ജനകീയ ഭരണസമ്പ്രദായത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന്റെ മുമ്പിൽ എന്തെല്ലാം തടസ്ഥങ്ങളാണുള്ളതെന്നു് നിങ്ങൾ ഓരോരുത്തരും മനസ്സിലാക്കണം. ജനകീയ മന്ത്രിമാർ ഇന്നു് വമ്പിച്ച എതിശക്തിയെ എതിരിട്ടുവേണം ഭരണചക്രം തിരിച്ചുകൊണ്ടു പോകാൻ എന്നുള്ള യാഥാർത്ഥ്യം ജനങ്ങൾ മനസ്സിലാക്കിയിരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഈ ഒരു കൊല്ലത്തിനുള്ളിൽ നാം എത്ര മുമ്പോട്ടു പോയിട്ടുണ്ടെന്നു നോക്കുകയാണെങ്കിൽ നാം പ്രതീക്ഷിച്ചിടത്തോളം നമ്മുടെ ലക്ഷ്യം പ്രാപിക്കാൻ മുമ്പോട്ടു പോയിട്ടില്ലാ എന്നുള്ളതു് മന്ത്രിമാരും നമ്മളെല്ലാവരുംതന്നെ സമ്മതിക്കുന്നതാണു്. കാരണം, ഇന്നു് പഴയ പാരമ്പര്യത്തിൽ വമ്പിച്ച മുതൽ മുടക്കിച്ചു കിടക്കുന്ന ഒരു ഉദ്യോഗസ്ഥ സംഘമാണു് കൊച്ചിയിൽ നിലകൊള്ളുന്നതു്. അവരെ പഴയ പാരമ്പര്യത്തിൽനിന്നും തിരിച്ചു കൊണ്ടുവന്നു് ശരിയായ ജനകീയ ഭരണ സമ്പ്രദായത്തെ മുമ്പോട്ടു കൊണ്ടുപോകാൻ ജനകീയ മന്ത്രിമാർക്കു് വളരെ അധികം

LIBRARY ARCHIVES Kerala Legislative Assembly

[Choudari G. S. Dhara Singh]

പ്രയാസപ്പെടേണ്ടി വന്നിട്ടുണ്ട്. പലേ അവസരങ്ങളിലും ഈ ഉദ്യോഗസ്ഥന്മാരുടെ പല തരത്തിലുള്ള ശ്രദ്ധതന്ത്രങ്ങളേയും കണ്ടറിഞ്ഞത് അതിനെതിരായി പ്രവർത്തിക്കേണ്ടതായി വന്നിട്ടുണ്ട്. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ നിഷ്കരുണമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ പറയുന്നത്. നമ്മുടെ ജനകീയ ഭരണ സമ്പ്രദായത്തിൽ പഴയ പാരമ്പര്യത്തിൽ കിടന്നു വളർന്നു വന്നിട്ടുള്ള ചില ഉദ്യോഗസ്ഥന്മാർ തച്ചു തകർക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ—അങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാരുണ്ടെന്നു, മന്ത്രിമാർക്കുതന്നെ പലപ്പോഴും ബോദ്ധ്യം വന്നിട്ടുണ്ട്—അങ്ങിനെയുള്ള പുരോഗമനശത്രുക്കളെ വെച്ചുകൊണ്ടിരിക്കരുതെന്നു മാത്രമാണ് എനിക്കു പറയുവാനുള്ളതു്. ഇങ്ങിനെ ജനകീയ ഭരണ സമ്പ്രദായത്തിന്റെ മുമ്പോട്ടുള്ള പ്രയാണത്തിനു് തടസ്ഥമായി നില്ക്കുന്ന ഉദ്യോഗസ്ഥന്മാരെ പിരിച്ചുവയ്ക്കണം. ഇങ്ങിനെ ഒന്നു രണ്ടു ശിക്ഷകരം നൽകിക്കഴിഞ്ഞാൽ അവരെ ശരിയായ പാഠം പഠിപ്പിച്ചു കഴിഞ്ഞാൽ ജനകീയാഭിലാഷമനുസരിച്ചു് പരിപൂർണ്ണമായും ഭരണ ചക്രത്തെ മുമ്പോട്ടു കൊണ്ടുപോകാൻ മന്ത്രിമാർക്കു സാധിക്കും. ഈ പ്രത്യേകമായ ശ്രദ്ധയോടുകൂടി മന്ത്രിമാർ കേട്ടു് ഇതിനു തടസ്ഥമായി നില്ക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ നിഷ്കരുണം നിർദ്ദയം മുഖം നോക്കാതെ നടപടികൾ എടുക്കണം. ആ അവസരങ്ങളിൽ പല സ്ഥലങ്ങളിൽനിന്നും പല കേന്ദ്രങ്ങളിൽ നിന്നും വലിയ വിമർശനങ്ങൾ ഉണ്ടായേക്കാം. അതു് ഇന്നതന്നെ ഉണ്ടാകുമില്ലെ? ഇന്നെനിക്കു കാണുവാൻ സാധിക്കുന്നുണ്ടു്; ചില പത്രങ്ങളും ചില കേന്ദ്രങ്ങളും ജനകീയ പ്രസ്ഥാനത്തെ തകിടം മറിക്കാൻ ഉദ്യോഗസ്ഥന്മാരുടെ കൂട്ടുപിടിച്ചു് മന്ത്രിമാരുടെ ഭരണത്തിന്റെമേൽ കരിവാരി തേക്കാനുള്ള പരിശ്രമങ്ങൾ രഹസ്യമായും പരസ്യമായും നടത്തുന്നതു്. ഇങ്ങിനെയുള്ള ശ്രമത്തിനെതിരായി എന്തു നടപടി സ്വീകരിച്ചു, എന്നാണു് ഞാൻ ചോദിക്കുന്നതു്. രാജ്യത്തിന്റെ പൊതുനന്മയെ ഉദ്ദേശിച്ചു് ഇത്തരം ശ്രമം നടത്തുന്നവരുടെമേൽ വേണ്ടിവന്നാൽ കഠിനമായെ തന്നെ ചെയ്യണം. ഒന്നു രണ്ടു സജീവ ഉദാഹരണങ്ങൾ അങ്ങിനെ ഉണ്ടായിക്കഴിഞ്ഞാൽ അപ്പോൾ കാണാം ഭരണചക്രം വളരെ വേഗത്തിൽ തിരിയുന്നതു്. മറ്റൊരു വിധത്തിലുള്ള പ്രചാരവേല ഇപ്പോൾ നടക്കുന്നുണ്ടു്. പഴയ ഭരണസമ്പ്രദായമാണു് നമുക്കു നല്ലതു്. ഇപ്പോഴത്തെ ഭരണ സമ്പ്രദായം അതിനേക്കാൾ മോശമാണെന്ന അഭിപ്രായം വരുത്തിക്കൂട്ടുന്നതിനുള്ള ചില ബലഹീനമായ പരിശ്രമങ്ങൾ ഉദ്യോഗസ്ഥ കേന്ദ്രങ്ങളിൽ നിന്നും നടത്തുന്നുണ്ടു്. ഇതിനെ സംബന്ധിച്ചു് ഒരു ഉദാഹരണം ഞാൻ പറയാം. പകൃതി ഔദ്യോഗികമായ ഒരു കത്തു് അടുത്ത ഒരവസരത്തിൽ ഞാൻ ദിവാൻജിക്കയക്കുകയുണ്ടായി. ആ ദിവസം കഴിഞ്ഞപ്പോഴേക്കും അതിനുള്ള മറുപടി അഞ്ചൽ ശിപായി എന്റെ മുമ്പിൽ കൊണ്ടുവന്നിട്ടുകയുണ്ടായി. നേരേ മറിച്ചു് മന്ത്രിമാരുടെ അധികാര പരിധിയിൽപെട്ട ഒരു ഡിപ്പാർട്ട്മെന്റിലേക്കു് എഴുതി അയച്ചാൽ, രണ്ടോ, മൂന്നോ മാസം കഴിഞ്ഞതിനു ശേഷമേ മറുപടി ലഭിക്കുകയുള്ളു. ഇതിനു മന്ത്രിമാർ കുറ്റക്കാരല്ല. കടലാസ്സു കിട്ടിയാൽ അപ്പോൾത്തന്നെ വേണ്ടതു മന്ത്രിമാർ ചെയ്യുന്നുണ്ടു്. പക്ഷേ, അതിനെ സംബന്ധിച്ച കടലാസ്സു് എത്രയോ സ്ഥലങ്ങളിൽ തങ്ങിക്കിടന്നതിനു ശേഷമാണു് എത്തേണ്ട ദിക്കിൽ എത്തുന്നതു്. ഇതിനു ജനങ്ങൾ കുറ്റം പറയുന്നതു് മന്ത്രിമാരെയാണു്. ഇങ്ങിനെ തടസ്ഥമുണ്ടാകുന്ന വ്യക്തികളുടെ പേരിൽ കർശനമായ നടപടിയെടുക്കുന്ന ചില ഉദാഹരണങ്ങൾ കാണിച്ചുകൊടുത്താൽ മാത്രമേ ജനങ്ങൾക്കു ജനകീയപ്രസ്ഥാനത്തിൽ പൂർണ്ണമായി വിശ്വസിക്കാനും അതിനെ അഭിനന്ദിക്കാനും സാധിക്കുകയുള്ളു. ഇങ്ങിനെയുള്ള പ്രവർത്തനങ്ങൾ നിങ്ങൾ കൈക്കൊള്ളുകയാണെങ്കിൽ എത്ര വിമർശനങ്ങൾ ഉണ്ടായാലും ജനങ്ങൾ ഒന്നടക്കം നിങ്ങളുടെ പുറകിൽ അണിനിരക്കുന്നതായിരിക്കും. പോരാ ഇത്തരം നടപടി സ്വീകരിക്കുന്നതിനു ജനങ്ങൾ ഒരേസ്വരത്തിൽ നിങ്ങളോടാവശ്യപ്പെടുന്നു.

ഇപ്പോൾ ചിലവു വളരെ വർദ്ധിച്ചുവരുന്നു എന്നു ചില മെമ്പർന്മാർ ആക്ഷേപിക്കുകയുണ്ടായി. ചിലവു വർദ്ധിച്ചുവരുന്നു എന്നുള്ള കാര്യത്തിൽ ഞാൻ ആക്ഷേപിക്കാൻ തയ്യാറില്ല. ചിലവു നാലു കോടിയോ പത്തു കോടിയോ ആയിക്കൊള്ളട്ടെ. അതിന്റെ മേൽ മന്ത്രിമാർക്കു പരിപൂർണ്ണമായ നിയന്ത്രണമുണ്ടെങ്കിൽ ഒരുപകടവും സംഭവിക്കുകയില്ല. ചിലവു് എത്രയെങ്കിലും വർദ്ധിക്കട്ടെ, എന്നാൽ വേണ്ട സ്ഥാനത്തു ചിലവു ചെയ്യിക്കുവാനുള്ള മുതലല അവർക്കുണ്ടു്. അതിനു പരിപൂർണ്ണമായ നിയമപരമായ ഭരണഘടനാപരമായ അധികാരം ഇന്നു ജനകീയമന്ത്രിമാർക്കു് ഇല്ലെന്നുള്ളതു പരമാർത്ഥമാണു്. പക്ഷേ, അതു് അടുത്തകാലത്തുതന്നെ അവർക്കു ലഭിച്ചേക്കാം. അതിനു ശേഷം ഇങ്ങിനെയുള്ള വിമർശ

LIBRARY ARCHIVES Kerala Legislative Assembly

നങ്ങൾക്ക് ഇടവരുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. കൊച്ചിയിൽ വരാൻപോകുന്ന ഭരണസമ്പ്രദായത്തെക്കുറിച്ചു ജനങ്ങൾക്കുള്ള തെറ്റിദ്ധാരണ ഇപ്പോൾതന്നെ തീർക്കണമെന്നാണു ഞാൻ പറയുന്നതു്. അതിനുള്ള പ്രവർത്തനങ്ങൾ രഹസ്യമായി ചെയ്താൽ പോരാ, പരസ്യമായിതന്നെ വേണം.

ഈ സന്ദർഭത്തിൽ എനിക്കു കൊച്ചിയിലെ പബ്ലിസിറ്റി ഡിപ്പാർട്ട്മെൻറിനെ സംബന്ധിച്ചു രണ്ടു വാക്കു പറയാനുണ്ടു്. ജനകീയഭരണം നടക്കുന്ന രാജ്യങ്ങളിൽ എല്ലാം പബ്ലിസിറ്റി ഡിപ്പാർട്ടുമെൻറുകൾ ഉണ്ടു്. ആ രാജ്യങ്ങളിലെ ഗവൺമെണ്ടുകളുടെ നിലനിൽപുതന്നെ പബ്ലിസിറ്റി ഡിപ്പാർട്ടുമെൻറിനെ ആശ്രയിച്ചാണു്. ജനകീയമന്ത്രിമാർ ജനങ്ങൾക്കു വേണ്ടി എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതും, അപ്പോഴപ്പോൾ നടക്കുന്ന സംഭവങ്ങളും അതേപടിതന്നെ വേണ്ടസമയത്തു പ്രസിദ്ധപ്പെടുത്തേണ്ടതു് ഏതൊരു ഗവൺമെണ്ടിൻറേയും ചുമതലയാണു്. ചുമതലയാണെന്നു മാത്രമല്ല, സ്വയം നിലനിൽപിനുതന്നെ അതത്യാവശ്യമാണു്. ഇതുകൊണ്ടു ഞാൻ factual publicity ആണു് ഉദ്ദേശിക്കുന്നതു്. മന്ത്രിമാർ വളരെ പ്രധാനമായ കാര്യങ്ങൾ ചെയ്യാൻ ആരംഭിക്കുമ്പോൾ അതിൻറെ ഒരു ചിത്രം പൊതുജനങ്ങളുടെ മുമ്പിൽ വെക്കേണ്ടതു വളരെ അത്യാവശ്യമാണു്. അങ്ങിനെ ചെയ്താൽ തല്പരകക്ഷികൾ നടത്തുന്ന വിമർശനങ്ങൾക്കു വളരെയൊക്കെ അറുതി വരും. ഇതിനു് എത്രയോ ഉദാഹരണങ്ങൾ വേണമെങ്കിലും പറയാം. അന്തിക്കാട്ടു് അടുത്തു നടന്ന അക്രമങ്ങളും മറ്റും സംഭവിച്ചു വളരെ കഴിഞ്ഞതിനു ശേഷമാണു പൊതുജനങ്ങളെ മനസ്സിലാക്കിയതു്. അതിനു കർശനമായ നടപടികളെടുക്കുന്നതിനു മുമ്പു് ആ സംഭവത്തിൻറെ യാഥാർത്ഥ്യം ജനങ്ങളെ മനസ്സിലാക്കിക്കൊടുത്തിരുന്നു എങ്കിൽ ജനങ്ങൾ പരിപൂർണ്ണമായും— തല്പരകക്ഷികളൊഴിച്ചു— ഗവൺമെണ്ടിൻറെ പുറകിൽ അണിനിരന്നേനെ. ആരുംതന്നെ വിമർശിക്കുവാൻ ധൈര്യപ്പെടുകയില്ലായിരുന്നു എന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. ഇനി അടുത്തുണ്ടായ ഒരു സംഭവംതന്നെയെടുത്തുനോക്കാം. അരിറേഷൻ കുറച്ചു എന്നുള്ള വിവരം പെട്ടെന്നു് ഒരു ദിവസം കാലത്തു റേഷൻഷാപ്പിൽ ചെന്നപ്പോഴാണു ജനങ്ങൾ മനസ്സിലാക്കിയതു്. അതിനു് ഒന്നരണ്ടു ദിവസം മുമ്പുതന്നെ അധികാരികൾ ഇന്നതെന്നിലയിന്നതാണു്. നാം ഇത്ര പ്രതീക്ഷിച്ചിരുന്നു അതു വന്നൊത്തിയില്ല. അതുകൊണ്ടു റേഷൻ കുറക്കേണ്ടിവരുന്ന എങ്കിൽ പൊതുജനങ്ങൾ അതിൽ ഉൽക്കണ്ഠിതരാകുന്നതു് എന്നൊരു ദുർന്ധ്വനി പുറപ്പെടുവിച്ചിരുന്നു എങ്കിൽ കൊച്ചിയിലെ ജനങ്ങൾ ഇതിനെ ഇങ്ങിനെ വിമർശിക്കുമായിരുന്നോ എന്നാണു ഞാൻ ചോദിക്കുന്നതു്. എന്നാൽ മന്ത്രിമാരുടെ കുറ്റമല്ല. ഉദ്യോഗസ്ഥമേധാവികൾ വിചാരിച്ചതു് ഇങ്ങിനെയുള്ള കാര്യങ്ങൾ രഹസ്യമായി വെക്കണമെന്നാണു്. പഴയ ഗവൺമെണ്ടിനു് ഇങ്ങിനെയുള്ള കാര്യങ്ങൾ രഹസ്യമായി വെക്കണം. എന്നാൽ ഒരു ജനകീയഗവൺമെണ്ടിനു് അതിൻറെ ആവശ്യമില്ല. ജനകീയമന്ത്രിമാർ സകല കാര്യങ്ങളും ജനങ്ങളുടെ മുമ്പിൽ വെച്ചു്, ഇതാണു നമ്മുടെ ഇന്നത്തെ സ്ഥിതി ഇനി നിങ്ങൾ എന്തു പറയുന്നു എന്നു ജനങ്ങളോടു ചോദിക്കണം. അതു ചെയ്യാനുള്ള മനഃസ്ഥിതി മന്ത്രിമാർക്കുണ്ടു്; അതിനവർ തയ്യാറുണ്ടെന്നാണു ഞാൻ വിചാരിക്കുന്നതു്. ചില പിഴവുകൾ അവർ അറിയാതെ, മനഃപൂർവ്വമല്ലാതെ, വന്നുപോയി എന്നു സമ്മതിക്കാൻ ഞാൻ തയ്യാറാണു്. അങ്ങിനെ വന്നുപോയ പിഴവുകൾ അറിയാതെ വന്നുപോയതാണെങ്കിൽതന്നെ ഇനി അങ്ങിനെ വരാതെ സൂക്ഷിക്കണം. ഞാൻ സൂക്ഷ്മപരമായി മാത്രമേ വിമർശിക്കുന്നുള്ളൂ. ഇപ്പോൾ അടുത്തു് ഒരു റിട്രെഞ്ചുമെൻറ് കമ്മിറ്റി സ്ഥാപിച്ചു എന്നു കേൾക്കുന്നുണ്ടു്. വാസ്തവത്തിൽ ആ കമ്മിറ്റി പഴയ കമ്മിറ്റിപോലെയായിത്തീരരുതു് എന്നു ഞാൻ പ്രാർത്ഥിക്കുന്നു. കഴിഞ്ഞ ചിങ്ങമാസത്തിൽ ഈ ഭരണഭാരം മന്ത്രിമാർ ഏറ്റെടുത്തപ്പോൾ തങ്ങൾ വഹിക്കാൻ ആഗ്രഹിക്കാത്ത പല ഭാരങ്ങളും അവർക്കു് എടുക്കേണ്ടിവന്നിട്ടുണ്ടു്. അനാവശ്യമായ ആ ഭാരം നിഷ്കരുണം ദൂരെ വലിച്ചെറിയേണ്ടതാണു്. എല്ലാ കേന്ദ്രങ്ങളിൽനിന്നുമുള്ള വിമർശനങ്ങളേയും കൂട്ടാക്കാതെ, കൂസാതെ സധൈര്യം അതിനു വേണ്ടി പ്രവർത്തിക്കണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. അതു പ്രവർത്തിക്കാനുള്ള മനക്കരുത്തും ആത്മാർത്ഥതയും നമ്മുടെ മന്ത്രിമാർക്കുണ്ടെന്നുള്ളതു് അവിതർക്കിതമാണു്. റിട്രെഞ്ചുമെൻറ് നിഷ്കരുണം നടത്തുകതന്നെ വേണം. എസ്റ്റാബ്ലിഷ്മെൻറിൽ അതു പ്രത്യേകിച്ചു നോക്കണം.

ഈ നാട്ടിലെ വ്യവസായങ്ങൾ വർദ്ധിപ്പിക്കാൻ ഗവൺമെണ്ടു് ഇപ്പോൾ ഒരു പദ്ധതിയെപ്പറ്റിത്തീട്ടുണ്ടെന്നു പറയുകയുണ്ടായി. പുതിയ കമ്പനികളിൽ ഷെയർ എടുക്കാനും, പണം കടം കൊടുക്കാനും തീരുമാനിച്ചതായി അറിയുന്നു. അതു വളരെ വേഗത്തിൽ വേണ്ടിടത്തോളം നൽകി കൊച്ചിയിലെ വ്യവസായങ്ങളെ വർദ്ധിപ്പിക്കേണ്ടതു വളരെ അത്യാവശ്യമാണെന്നു ഞാൻ പറയാതെതന്നെ നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടെന്നു വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Choudhury G. S. Dhara Singh]

ഇനി കച്ചവടസംബന്ധമായ ചില കാര്യങ്ങളാണ് എനിക്ക പറയാനുള്ളത്. കൊച്ചിയിലെ കച്ചവടമെമ്പർ അദ്ദേഹത്തിന്റെ കർത്തവ്യം നിർവ്വഹിച്ചിട്ടില്ലെങ്കിൽതന്നെ ഞാൻ എന്റെ കർത്തവ്യം നിർവ്വഹിക്കുന്നു. സെയിൽസ്ടാക്സ് ജനകീയമന്ത്രിമാർ ഭരണം കയ്യേല്ക്കുന്നതിനു മുമ്പാണ് ഇവിടെ വന്നിട്ടുള്ളത്. എന്നാൽ ഇപ്പോൾ അതിലെ ചില പിഴവുകൾ തീർക്കാനുള്ള അവസരം വന്നിരിക്കുന്നു. കൊച്ചിയിലെ മലഞ്ചരക്കുകൾ, എണ്ണ, കയർ മുതലായ സാധനങ്ങളുടെ മേൽ സെയിൽസ് ടാക്സ് വെച്ചിട്ടുള്ളതുകൊണ്ട് കൊച്ചിയിലെ അതിനെ സംബന്ധിച്ചുള്ള കച്ചവടം എല്ലാം തിരുവിതാംകൂറിലേക്ക കടന്നുപോയിട്ടുണ്ട് എന്നു ഞാൻ പറയുന്നുണ്ടെങ്കിൽ അതു അങ്ങിനെതന്നെ വിശ്വസിക്കണമെന്നു ഞാൻ പറയുന്നു. അതു വെറും ഒരു യാഥാർത്ഥ്യംതന്നെയാണ്. അങ്ങിനെ കൊച്ചിയുടെ കച്ചവടപ്രാധാന്യം വളരെയധികം കുറഞ്ഞുപോയി. ഒരൊറ്റ സംഗതികൊണ്ട് ഞാനതു വെളിപ്പെടുത്താം. പണ്ട് കാലത്തു കൊച്ചിയിൽനിന്നു് ആലപ്പുഴക്ക—ഒരു ദിവസത്തെ കണക്കാണു പറയുന്നതു്—൪൫ കച്ചവടക്കെട്ടുകൾ പോയിരുന്നു. അവിടെനിന്നും ൫൬ കെട്ടുകളാണ് ഇങ്ങോട്ട വന്നിരുന്നതു്. ഇന്നു നേരെമറിച്ചു ൪൫ കച്ചവടക്കെട്ടുകൾ അവിടെനിന്നു കൊച്ചിക്ക വരുന്നു. കൊച്ചിയിൽനിന്നു ൫൬ കെട്ടുകളാണ് അങ്ങോട്ട പോകുന്നതു്. ഇതുകൊണ്ട് മനസ്സിലാക്കാം എത്രയധികം കച്ചവടം തിരുവിതാംകൂറിലേക്ക കടന്നുപോയിട്ടുണ്ടെന്നു്. ഇതിനുള്ള പ്രതിവിധി ഈ മലഞ്ചരക്കുകളിന്മേലുള്ളതും, വെളിച്ചെണ്ണ, കയർ എന്നിവയുടെ മേലുള്ളതുമായ സെയിൽസ്ടാക്സ് ഒരു പോയിൻറിന്മേൽ ആക്കണം എന്നുള്ളതാണ്. ഇതുകൊണ്ട് വരവു കുറയുകയും ഇല്ല. എന്തെന്നാൽ അപ്പോൾ നിരക്ക കുറച്ചു കൂട്ടാം. നാലോ അഞ്ചോ ശതമാനം ആക്കിയാലും തരക്കേടില്ല. അങ്ങിനെ ചെയ്താൽ ഇവിടത്തെ കച്ചവടത്തെ വർദ്ധിപ്പിച്ചു കൊച്ചിയുടെ പഴയ കച്ചവടപ്രാധാന്യത്തെ നിലനിറുത്തണമെന്നുള്ള കാര്യം പടിഞ്ഞാറെ തീരത്തിലുള്ള കച്ചവടത്തിൽ – കാരണവർസ്ഥാനം നിലനിറുത്തുവാൻ സാധിക്കുമെന്നുള്ള കാര്യം—ഗവണ്മെണ്ടിനെ ഉൽബോധിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു.

അവസാനമായി എനിക്ക പറയാനുള്ളതു കൊച്ചിയുടെ തൊട്ടടുത്തുകിടക്കുന്ന ചില പ്രദേശങ്ങൾ പണ്ട് കൊച്ചിയുടെ വിഭാഗങ്ങളായി വർത്തിച്ചിരുന്നതും ബ്രിട്ടീഷുകാരുടെ കയ്യിൽ പോയതുമായ പ്രദേശങ്ങൾ കൊച്ചിയോടു കൂട്ടിച്ചേർക്കുന്നതിനു വേണ്ട നടപടികളെടുക്കണമെന്നാണ്. നമ്മുടെയെന്നല്ല, ഇന്ത്യക്കാരുടെ ജീവിതത്തിൽ ഏറ്റവും സൌഭാഗ്യകരമായ ഒരു ദിനമാണ് ആഗസ്സ് ൧൫-ാംനു. അതർഹിക്കുന്ന ഗൌരവത്തോടുകൂടിയും മഹത്ത്വത്തോടുകൂടിയും ആ ദിനം കൊണ്ടാടാൻ വേണ്ട കാര്യപരിപാടി ഗവണ്മെണ്ട് ഉണ്ടാക്കണമെന്നും, ഏതെല്ലാം വിധത്തിൽ അതു നന്നായി നടത്താൻ സാധിക്കുമോ ആവിധത്തിലെല്ലാം ഭംഗിയായും ആഘോഷമായും നടത്താൻ പരിശ്രമിക്കണമെന്നും ഉള്ള അഭ്യർത്ഥനയോടുകൂടി ഞാൻ തല്ക്കാലം വിരമിച്ചുകൊള്ളുന്നു.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Mr. President, the new Finance Member of Cochin had appeared before the House with his neatly printed books, 3 in number, the last one read out very clearly and expounded lucidly and very informatively. Tenaciously had he stuck up to the antideluvion definition of Budget repeatedly indulged in by his predecessors, esteemed men all, but conservative in their outlook. I am prepared to concede, Sir, that there are tinges, seen here and there, in this year's budget, which are the general characteristics of budgets of civilised countries. To that extent I am prepared to extend my hearty congratulations to the meak but strong Finance Member of Cochin and all others concerned in its preparation.

Now, Sir, tenaciously he has stuck, again, to the conservative method of attempting to present a surplus budget. I call it conservative, Sir, and say that there is no special virtue in presenting a surplus budget at all. On the other hand, a country like Cochin, with her education, with her environments, with the additional fact that she is a maritime State and that we are in a post-war period would welcome and ought to welcome a deficit budget year after year, if only the expenditure side shows planned arrangements for the betterment and amelioration of the condition of the people of the State—the masses of the State. In that line, Sir, the Finance Member claims that attempts have also been made. Prepared by the Hon'ble Member for Finance on the initiative of the Ministry of the day and scrutinised by the Cabinet which is very much boasted of but also contradicted by the Ministerialist members who spoke before me, in these environments the Hon'ble Member for Finance claims that some such items of expenditure, as ought to find a place in the budget of civilised countries have been incorporated

LIBRARY ARCHIVES Kerala Legislative Assembly

in the budget. I repeatedly use the words, "as he claims", because I may presently succeed in showing that it is only a claim but not a tenable claim.

A word, Sir, about the conservative attempt at production of a surplus budget. As was observed by various Hon'ble Members who preceded me, it is really not a surplus budget. It is a very huge deficit budget, not that it is faulty to present a deficit budget at all—a deficit budget, ss I said before, is welcome and ought to be welcomed.

On the side of revenue which has soared up to very nearly 420 lakhs of rupees a figure, never before reached by the State, what are the chief items that find a place prominently, 61 and odd lakhs of very tainted money obtained from drugging the people of the State with liquor and opium is one. Then 16 and odd lakhs of rupees obtained by taxation upon necessaries of the masses like matches and betelnuts is another. Yet another huge amount, viz. Rs. 21,59,800 is got by plundering the forest which is not your property or my property or even our children's property, but of still later generation. Plundered have you, Sir, the forests of the State and you must be ashamed of the process. Did you stop there ? There are other various other objectionable items on the receipt side. Exception was taken here, Sir, by some of the speakers who preceded me to an expression used by some of them "an inroad has been made upon Revenue Reserve Fund", meagre as it is,. What else is it? Yes Mr. President, it is an inroad. Your stock is meagre, the purpose for which you take, is, as I hope I will succeed in showing later, if time allows me, is not the purpose for which a Revenue Reserve Fund is built up here or elsewhere. Then again another item on the revenue side is 2 and odd lakhs taken from the very mearge industrial development fund from which, as yet, not much has been taken to meet the purpose, the very purpose, the very limited purpose for which alone it has been conserved.

Now, Sir on the revenue side again I find an item or at least a portion of an item of revenue which is justifiable but with a rider. You have rightly introduced or rather you are rightly attempting to introduce legislation for introducing agricultural income tax for which I had been crying in this House years back. But Sir, the rider—an important rider—ought to have been added to the proposal. What is the fun of your taxing the land and collecting the ordinary revenue which with regard to the first class land in the country, is extremely high coming as it does to Rs. 12½ per acre. You keep that land revenue in tact and collect also the agricultural income-tax. This is most inequitable. Persons who have brains, persons who have the welfare of the country at large, while introducing an agricultural income-tax or even one year prior to that had done something which is just,, which is permissible. In a, close-by country a flat rate of land revenue, a small amount upon wet land, yet smaller an amount on dry land on an acreage basis was intoduced followed in the next year by tax on income from the land. To maintain the mythological proprietorship of the State on the lands which are there and which form the State, a normal tax may be collected. An imposition was subsequently made in the shape of agricultural income-tax. That is the rider which in similar manner ought to have been introduced here also. With that reservation, Mr. President, I congratulate the persons responsible, the Hon'ble Ministers, the Cabinet and our energetic finance member of the State for having introduced this most equitable taxation measure.

But tagged along with that is another piece of legislation which is objectionable answering for an income of 4·55 lakhs. Stepping up stamp duty both judicial and non-judicial on a plea that it affects the rich man only because of collossal ignorance of whom the users of stamp papers are. I do not for a moment deny that stamp papers are used by rich persons also. But they have to use them only when it is a question of purchasing a property at low rates which they could dictate often from an indebted poor man. On the other hand, the major portion of the general stamp duty is required for mortgaging properties for immediate necessities of the poor or the middle-class man. The stamp duty and the registration fee have to be met by the borrower, the poor man who wants to raise the money from the hands of the miserly rich of Cochin. Except in that unhappy predicament of getting a property sold on to the creditor for a dictated price as is often sucessfully attempted to be done, except in that case, the rich man has not to bear stamp duty or registration fee. And again, Sir, what about court fee. Who pays most. Take a census of the suitors in the courts of the State. You will find that more than 90 percent of the people who have the misfortune to resort to courts and the necessity to be suitors are the poor people who pledge their land or their wives' ornaments or relatives' ornaments, to raise the present Rs. 6/4/- of court fee payable on presentation of a suit. It is not the richman who is driven to the court, because, he has got other methods, though not directly, through his friends who are stronger men under whom these poor persons are vassals.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kumaran Ezhuthassian]

Therefore, make not that attempt of deliberately deceiving us. This particular taxation by stepping up stamp duty is an objectionable imposition which will be dealt with as it deserves at the time when it comes, in the shape of a Bill though we know since it is a Government measure it will be passed by brutal a strength and not on the justice or equity of it. But our protest will be there, registered on behalf of the poor masses of the State.

Shall we stop, Sir, at this stage and continue on the morrow?

Mr. President: There is one minute more.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Yes, Mr. President, I can go on. Therefore do not boast that your budget is a surplus one, though a deficit budget is not anything objectionable. I have dealt with the receipt side and shown its hollowness.

What is it on the expenditure side that we see in the Budget book and in the other books? Your glazed printed book contains items, on page 12, as follows.—

Agriculture	Rs. 3.96 Lakhs.
Panchayats	8·34 ,,
Village Court	·90 ,,
Co-operative	·73 ,,
Ayurveda	3·10 ,,
Rural Sanitation	4·55 ,,
Uplift	2·06 ,,

and there is a paragraph preceding these figures as also a succeeding paragraph rounded of with a quotation from Goldsmith's Deserted Village. The attempt made being what is contained in those paragraphs let us see if the object will be achieved. Now examine the various heads of expenditure and see how the allotment under each head has been employed. I shall immediately show that I Agriculture-3.96 lakhs. What is the amount that is consumed by direction and establishment? 5 and odd lakhs.

The House rose for the day at 5 p.m.

P. NARAYANA SWAMI

Secretary

LIBRARY ARCHIVES Kerala Legislative Assembly